PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം.................................................03
വിജ്ഞാപനം- ആരാധനക്രമ ഗ്രന്ഥങ്ങൾ......08
വിജ്ഞാപനം- പശ്ചിമഘട്ട സംരക്ഷണം.......... 09
Bishop's Engagement...................................15
From the Bishop's Office.............................17
നിത്യാരാധനാ കപ്പേള....................................25
വിശ്വാസപരിശീലനവേദി.................................26
സ്റ്റാർസ്.......................................................34
ബൈബിൾ അപ്പോസ്റ്റലേറ്റ്.............................34
തിരുബാലസഖ്യം...........................................35
അൾത്താരസംഘം........................................37
സി.എം.എൽ..............................................38
കെ.സി.വൈ.എം.........................................40
മാതൃസംഘം................................................41
ഫാമിലി അപ്പോസ്റ്റലേറ്റ്.................................42
കുടുംബകൂട്ടായ്മ.......................................42
സെഹിയോൻ ധ്യാനകേന്ദ്രം...........................44
പി. എസ്. എസ്. പി.......................................45
From the Bishop's Diary...............................47

456/2013
30-11-2013

# ഇടയലേഖനം-128

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ഒരു പുതിയ ആരാധനാവത്സരത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. ആരാധനാവത്സരം ആരംഭിക്കുന്നത് മംഗളവാർത്താകാലത്തോടുകൂടെയാണ്. രക്ഷകന്റെ ജനനത്തിനു തൊട്ടുമുമ്പും അതേ തുടർന്നും നടന്ന സംഭവങ്ങളാണ് ഇക്കാലത്ത് നാം അനുസ്മരിക്കുന്നത്. ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു ഡിസംബർ 25-ാം തീയതി ആഘോഷിക്കപ്പെടുന്ന തിരുപ്പിറവി തിരുനാളാണ്.

വിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്നതുപോലെ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടിയാണ് ദൈവസുതൻ മനുഷ്യനായി അവതരിച്ചത്. ഗബ്രിയേൽ ദൈവദൂതൻ മറിയത്തിന്റെ ഭർത്താവായ യൗസേപ്പിനു നൽകിയ സന്ദേശത്തിൽ ഇക്കാര്യം വ്യക്തമാക്കികൊണ്ട് പറഞ്ഞത്, ശിശുവിന് യേശു എന്ന പേര് നൽകണം, എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും (മത്താ. 1:21)എന്നാണ്. പിതാവായ ദൈവമാണ് തന്റെ ഏകജാതനെ നമ്മുടെ രക്ഷയ്ക്കായി അയച്ചത്. തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം നമ്മെ അത്രമാത്രം സ്നേഹിച്ചു(യോഹ3:16). പാപം വഴി ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യനെ തന്നോടു രമ്യതപ്പെടുത്തുവാൻ ദൈവം തന്നെ മുൻകൈയെടുത്തു. മനുഷ്യരുടെ തെറ്റുകൾ അവർക്കെതിരായി ദൈവം പരിഗണിച്ചില്ല. തന്റെ ഏകജാതൻ വഴി അവരെ തന്നോടു രമ്യതപ്പെടുത്തി. ക്രിസ്തുവിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന് പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി(2 കോറി 5:19,21). ക്രിസ്തുവിൽ പാപമില്ല. നമ്മുടെ പാപ





ങ്ങൾ ഏറ്റെടുക്കുവാൻ വേണ്ടി അവൻ പ്രത്യക്ഷനായി (1 യോഹ3:5). ദൈവം നമ്മെ ക്രിസ്തുവഴി തന്നോടു രമ്യതപ്പെടുത്തി.

യേശു ജനിച്ചത് അനുരഞ്ജനത്തിനുവേണ്ടിയാണ് രഞ്ജിപ്പിക്കുക എന്നാൽ ഒന്നിപ്പിക്കുക, കൂട്ടിച്ചേർക്കുക എന്നൊക്കെയാണർത്ഥം. അറ്റുപോയ കണ്ണികളെ കൂട്ടി വിളക്കുകയും അകന്നു പോയ ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയും ചെയ്യുന്ന പ്രക്രിയയാണത്. പാപം മൂലം മനുഷ്യനു ദൈവവുമായുള്ള ബന്ധം ശിഥിലമായി. അതുമൂലം മനുഷ്യരും പരസ്പരം അകന്നു. മനുഷ്യനെ ദൈവത്തോടും സഹോദരരോടും അതോടൊപ്പം പ്രകൃതിയോടും അനുരഞ്ജിപ്പിച്ചത് യേശുവാണ്. യേശുവിലൂടെ കൈവന്ന അനുരഞ്ജനം നമ്മിൽ ഓരോരുത്തരിലും യാഥാർത്ഥ്യമാകണം. അതു നടക്കുന്നത് മാനസാന്തരത്തിലൂടെയാണ്. “മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു” എന്നാണല്ലോ സ്നാപകയോഹന്നാൻ വിളിച്ചുപറഞ്ഞത് (മത്താ. 3:2). പാപങ്ങൾ ഓർത്തു നാം മനസ്തപിക്കണം, മനസ്താപം മാനസാന്തരത്തിലേയ്ക്ക് നമ്മെ നയിക്കണം, മാനസാന്തരത്തിന് യോജിച്ച ഫലങ്ങൾ നാം പുറപ്പെടുവിക്കണം, നാം ദൈവത്തോടും സഹോദരരോടും രമ്യതപ്പെടുകയും ദൈവത്തേയും സഹോദരരേയും സ്നേഹിക്കുകയും ചെയ്യണം.

നൂറ്റാണ്ടുകളായി ദൈവജനം രക്ഷകന്റെ വരവിനുവേണ്ടി തീവ്രമായി ആഗ്രഹിച്ചു കാത്തിരുന്നു. സമയത്തിന്റെ പൂർണ്ണതയിൽ ദൈവസുതൻ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു.“പിള്ളക്കച്ചകൾകൊണ്ട് പൊതിഞ്ഞ്, പുൽക്കൂട്ടിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.” രാജാവും രക്ഷകനുമായവനെ തിരിച്ചറിയാൻ മാലാഖ ആട്ടിടയന്മാർക്ക് നൽകിയ അടയാളം അതായിരുന്നു! അത്രമാത്രം ദൈവസുതൻ തന്നെത്തന്നെ ശൂന്യനാക്കി.

ലോകചരിത്രത്തെ ക്രിസ്തു രണ്ടായി വിഭജിച്ചു: തനിക്കുമുമ്പുള്ള കാലമെന്നും തനിക്കുശേഷമുള്ള കാലമെന്നും. യേശുവിനുമുമ്പുള്ള കാലം യേശുവിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ കാലമായിരുന്നുവെങ്കിൽ യേശുവിനുശേഷമുള്ള കാലം ദൈവം മനുഷ്യരുടെ കൂടെ വസിച്ചുതുടങ്ങിയ കാലമാണ്. “ദൈവം നമ്മോടുകൂടെ” എന്നർത്ഥമുള്ള “എമ്മാനുവേൽ” എന്നാണ് യേശു വിളിക്കപ്പെട്ടത്. വിശുദ്ധ മത്തായിയാണ് യേശുവിനെ എമ്മാനുവേൽ ആയി തന്റെ സുവിശേഷത്തിന്റെ

ആരംഭത്തിൽ അവതരിപ്പിക്കുന്നത്. “യുഗാന്ത്യംവരെ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും” എന്ന പ്രത്യാശാനിർഭരമായ വാഗ്ദാനത്തോടെയാണ് പ്രസ്തുത സുവിശേഷം അവസനിക്കുന്നതും (28:20). പഴയനിയമത്തിലെ രാജാക്കന്മാരെയും നേതാക്കന്മാരെയും പ്രവാചകന്മാരെയും സന്ദർശിക്കുകയും അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും തന്റെ സാന്നിദ്ധ്യം അവർക്കും ജനത്തിനും വെളിപ്പെടുത്തുകയും ചെയ്ത ദൈവം മനുഷ്യനായി അവതരിച്ച് തന്റെ വാസം മനുഷ്യരോടുകൂടെയാക്കി. ദൈവത്തിന്റെകൂടാരം മനുഷ്യരോടു കൂടെയായി (വെളി.21:3). “ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ വ്യാപരിക്കുകയും ചെയ്യും; ഞാൻ അവരുടെ ദൈവമായിരിക്കും; അവർ എന്റെ ജനവുമായിരിക്കും” എന്ന് അവിടുന്ന് അരുളിചെയ്തത് നിറവേറി (2 കൊറി.6:16). നമ്മെ വിട്ടുപിരിയാതെ നിരന്തരം നമ്മോടൊത്ത് അവിടുന്ന് വസിക്കുകയാണ്.

രണ്ടായിരം വർഷങ്ങൾക്കുമുൻപ് നടന്ന തിരുപ്പിറവിയുടെ ഓർമ്മ മാത്രം ആചരിക്കുകയും ആ മഹാ സംഭവം ആഘോഷത്തിനുള്ള അവസരം മാത്രമാക്കുകയും ചെയ്യുന്നവർക്ക് ക്രിസ്തുമസിന്റെ യഥാർത്ഥ സന്തോഷം അനുഭവിക്കുവാൻ സാധിക്കുകയില്ല. യേശു ഇന്നലെയും ഇന്നും എന്നും ഒരാൾതന്നെയാണ്. ബത്ലഹേമിൽ പിറന്ന അവിടുന്ന് ഇന്നും ജീവിക്കുകയാണ്. നമ്മോടൊത്ത് ഇന്നും വസിക്കുകയാണ്.

നമ്മോടൊത്തുവസിക്കുന്ന അവിടുന്ന് നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ ജനിക്കണം. അവിടുന്ന് നമ്മുടെ ഹൃദയവാതിക്കൽ നിന്നുകൊണ്ട് അനുനിമിഷം മുട്ടുകയാണ്. പലരും ആ സ്വരം ശ്രവിക്കുന്നില്ല. ചിലർ ആ സ്വരം കേൾക്കുമ്പോൾ അവരുടെ ഹൃദയം കഠിനമാക്കുന്നു (ഹെബ്രാ. 3:15). അവരോടൊത്ത് വസിക്കുന്ന സജീവദൈവത്തിൽ നിന്ന് അവർ വിശ്വാസരഹിതമായ ദുഷ്ട ഹൃദയം മൂലം അകന്നുപോകുന്നു (ഹെബ്ര.3:12). മറ്റു ചിലർ അവിടുത്തെ സ്വരം തിരിച്ചറിഞ്ഞ് വാതിൽ തുറന്നുകൊടുക്കുന്നു. അവരുടെ അടുത്തേയ്ക്ക് കർത്താവ് വരുകയും അവരോടൊത്ത് ഭക്ഷിക്കുകയും ചെയ്യുന്നു (വെളി. 3:20). അതായത് തന്റെ സാന്നിദ്ധ്യത്തിൽ ആനന്ദിക്കാനുള്ള അനുഗ്രഹം കർത്താവ് അവർക്ക് കൊടുക്കുന്നു. കർത്താവിനൊടൊത്തുള്ള സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമാണത്.

ഒക്ടോബർ 12-ാം തീയതി ഫ്രാൻസീസ് മാർപാപ്പ പരി. കന്യകാമറിയത്തിന്റെ വിശ്വാസത്തെ പ്രകീർത്തിച്ചുകൊണ്ട് ഒരു പ്രഭാഷണം നടത്തുകയുണ്ടായി. “ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ





വചനം പോലെ എന്നിൽ നിറവേറട്ടെ” എന്നുപറഞ്ഞുകൊണ്ട് മറിയം സ്വതന്ത്രമായ സമ്മതപ്രകടനം നടത്തിയപ്പോഴാണ് ദൈവപുത്രൻ മറിയത്തിന്റെ ഉദരത്തിൽ ഉത്ഭവിച്ചത്. കന്യകാമറിയത്തിൽ ഭൗതീകമായി സംഭവിച്ചത് നമ്മുടെ ഉള്ളിലും ആത്മീയമായി സംഭവിക്കണം എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് മാർപാപ്പ പറഞ്ഞു: “ഉത്തമവും ആത്മാർത്ഥവുമായ ഹൃദയത്തോടെ നാം ദൈവവചനം സ്വീകരിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ, ദൈവം നമ്മുടെ ഉള്ളിൽ ശരീരം സ്വീകരിക്കുന്നതുപോലുള്ള സ്ഥിതി ഉണ്ടാകുന്നു. അവിടുന്ന് നമ്മുടെ ഉള്ളിൽ വസിക്കുവാനായി വരുന്നു. എന്തെന്നാൽ, അവിടുത്തെ സ്നേഹിക്കുന്ന സകലരുടെയും ഉള്ളിൽ അവിടുന്ന് വസിക്കുന്നു. അവിടുന്ന് വാക്കു പാലിക്കുന്നു. ഇത് മനസ്സിലാക്കുക എളുപ്പമല്ല. പക്ഷെ, വാസ്തവത്തിൽ, നമ്മുടെ ഹൃദയത്തിൽ അത് അനുഭവിക്കാൻ എളുപ്പമാണ്.”

ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു (1യോഹ. 4:16). നാം ദൈവത്തേയും സഹോദരരേയും സ്നേഹിക്കുമ്പോൾ സ്നേഹം തന്നെയായ ദൈവം വസിക്കുന്ന ആലയങ്ങളായി നാം മാറുന്നു.

നാമുമായി വ്യക്തിപരമായി യാതൊരു ബന്ധവുമില്ലാത്ത കേവലം ഒരു ഭൂതകാലസംഭവമായി യേശുവിന്റെ മനുഷ്യാവതാരത്തെ കാണരുത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് മാർപാപ്പ തുടർന്നു, “യേശുവിൽ വസിക്കുക എന്നതിനർത്ഥം, മറിയത്തിന്റെ എളിമയോടെയും, ധീരതയോടെയും നമ്മുടെ ശരീരം അവിടുത്തേക്ക് നൽകുക എന്നതാണ്. അങ്ങനെ നമ്മുടെ മധ്യത്തിൽ തുടർന്നും അവിടുത്തേക്ക് വസിക്കുവാൻ സാധിക്കുന്നു. അതിനർത്ഥം എളിയവരെയും, ദരിദ്രരെയും തലോടുവാൻ അവിടുത്തേക്ക് നമ്മുടെ കരങ്ങൾ നൽകുക; സഹോദരീസഹോദരന്മാരെ ചെന്നു കാണുവാൻ നമ്മുടെ പാദങ്ങൾ നൽകുക; ബലഹീനരെ താങ്ങുവാനും കർത്താവിന്റെ മുന്തിരിത്തോപ്പിൽ പണിയെടുക്കുവാനും നമ്മുടെ ഭുജങ്ങൾ നൽകുക; സുവിശേഷ വെളിച്ചത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമ്മുടെ മനസ്സുകൾ നൽകുക; പ്രത്യേകിച്ച്, ദൈവത്തിന്റെ ഇച്ഛയ്ക്കനുസൃതമായി തെരഞ്ഞെടുപ്പുകൾ നടത്തുവാനും സ്നേഹിക്കുവാനും നമ്മുടെ ഹൃദയങ്ങൾ നൽകുക എന്നാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലം ഇവയെല്ലാം സംഭവിക്കുന്നു. ഈ രീതിയിൽ, നാം ദൈവകരങ്ങളിലെ ഉപകരണങ്ങളായിത്തീരുന്നു. അങ്ങനെ ഈ ലോകത്തിൽ നമ്മിലൂടെ

യേശുവിന് പ്രവർത്തിക്കുവാൻ സാധിക്കുന്നു." ചുരുക്കത്തിൽ നമ്മിലൂടെ യേശുവിന്റെ ജീവിതവും പ്രവർത്തനവും ഇന്നും തുടരണം.

"നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" എന്ന അവിടുത്തെ വാഗ്ദാനം അപ്രകാരം സാക്ഷാത്ക്കരിക്കപ്പെടണം. യേശുവിൽ ജീവിക്കുന്നവരായ നമ്മുടെ ചിന്തയിലും പ്രവർത്തനത്തിലും യേശു അവതീർണ്ണനാകണം. നാം ഓരോരുത്തരിലും യേശു രൂപപ്പെടണം. നമ്മിലൂടെ യേശുവിന്റെ മനുഷ്യാവതാരം ഇന്നും തുടരണം. നമ്മിലൂടെ യേശു തന്റെ ശുശ്രൂഷകൾ ഇന്നും തുടരണം. നമ്മൾ ഓരോരുത്തരും യേശുവിന്റെ കൗദാശിക സാന്നിദ്ധ്യമാകണം. വിശുദ്ധ പൗലോസിനോടൊപ്പം നമുക്ക് പറയാൻ സാധിക്കണം "ഇനിമേൽ ഞാൻ അല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2:20) എന്ന്.

തിരുപ്പിറവി ഒരു ചരിത്രസംഭവമാണ്. അതിന്റെ ഓർമ്മ നാം ആഘോഷിക്കണം. അതിന്റെ സന്തോഷം നാം കൈമാറണം. ആ സന്തോഷം ബാഹ്യമായി നാം പ്രകടിപ്പിക്കണം. എന്നാൽ അതിനെല്ലാം അർത്ഥമുണ്ടാകുന്നത് നമ്മുടെ കർത്താവായി യേശു ഹൃദയത്തിൽ വാഴുകയും നാം അവിടുത്തെ അപ്രകാരം ഹൃദയത്തിൽ പൂജിക്കുകയും ചെയ്യുമ്പോഴാണ്. (1 പത്രോസ് 3:15) ക്രിസ്തുമസിന്റെ മംഗളങ്ങൾ നിങ്ങൾക്ക് ഞാൻ മുൻകൂട്ടി തന്നെ നേരുന്നു. ക്രിസ്തുവിനോടും സഹോദരരോടും സ്നേഹത്തിലും ഐക്യത്തിലും വസിച്ചുകൊണ്ട് ക്രിസ്തുമസിന്റെ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ ഏവർക്കും സാധിക്കട്ടേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുക്കുവേണ്ടി അവതരിച്ച അവിടുത്തെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2013 ഡിസംബർ 8 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.





Prot. No. 2185/2013

## വിജ്ഞാപനം

### സീറോമലബാർ സഭയുടെ പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിരിക്കുകയാണ്: കുർബാനയുടെ രണ്ടാമത്തെ കൂദാശക്രമവും (മാർ തെയദോറിന്റെ പേരിലറിയപ്പെടുന്ന അനാഫൊറ) ആരാധനക്രമത്തിലെ വിശുദ്ധഗ്രന്ഥവായനകൾക്കുവേണ്ടിയുള്ള പ്രഘോഷണഗ്രന്ഥങ്ങളും. ദീർഘമായ കാത്തിരിപ്പിന്റെയും കഠിനപരിശ്രമത്തിന്റെയും സാക്ഷാത്കാരമായി വെളിച്ചം കാണുന്ന ഈ ഗ്രന്ഥങ്ങൾ സഭയുടെ ആരാധനാജീവിതത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല. 2013 ആഗസ്ററ് 15ന് പ്രാബല്യത്തിൽവന്ന തെയദോറിന്റെ കൂദാശക്രമവും 2013 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽവരുന്ന പ്രഘോഷണഗ്രന്ഥങ്ങളും സഭാമക്കൾക്കെല്ലാവർക്കും വിശ്വാസം ഫലവത്തായി ആഘോഷിക്കുവാനും വിശ്വാസത്തിൽ വളരുവാനും നിമിത്തമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

മാർ തെയദോറിന്റെ കൂദാശക്രമം

ഇപ്പോൾ നമ്മുടെ കുർബാനക്രമത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമത്തിനു പുറമേ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന രണ്ടു കൂദാശക്രമങ്ങൾ കൂടിയുണ്ട്. ഉദയംപേരൂർ സൂനഹദോസിനുശേഷം ഉപയോഗത്തിലില്ലാതെവന്ന മാർ തെയദോറിന്റെ കൂദാശക്രമം 415 വർഷങ്ങൾക്കുശേഷം വീണ്ടും നമ്മുടെ സഭയിൽ ഉപയോഗിച്ചുതുടങ്ങുന്നുവെന്നത് ചരിത്രപ്രാധാന്യമുള്ള വസ്തുതയാണ്. സീറോമലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ

തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾ പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957 ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ആവശ്യപ്പെട്ടിരുന്നു. മാർ തെയദോറിന്റെ കൂദാശയുടെ ഡ്രാഫ്റ്റ് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെയും ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെയും സബ്കമ്മിറ്റികളുടെയും രൂപതകളിലെ ലിറ്റർജിക്കൽ കമ്മീഷനുകളുടെയും തലങ്ങളിൽ സൂക്ഷ്മമായ പഠനങ്ങൾ നടത്തിയാണ് പുനരുദ്ധരിച്ചത്. രണ്ടാമത്തെ കൂദാശക്രമത്തിന്റെ മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ ടെക്സ്റ്റാണ് സീറോമലബാർ സിനഡിന്റെ തീരുമാനമനുസരിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയച്ചത്. 2012 ഡിസംബർ 15-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമം മൂന്നുവർഷക്കാലത്തേക്ക് പരീക്ഷണാർത്ഥം ഉപയോഗിക്കുവാനുള്ള അംഗീകാരം നല്കി.

മാർ തെയദോറിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും ഈ കൂദാശയുടെ രചയിതാവ് തെയദോറല്ല എന്നാണ് ഈ കൂദാശയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പണ്ഡിതന്മാരുടെ അഭിപ്രായം. തെയദോറിന്റെ ദൈവശാസ്ത്രചിന്തകളെ ഒരുകാലത്ത് സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നുവെങ്കിലും കലർപ്പില്ലാത്ത ക്രൈസ്തവ പ്രബോധനമാണ് തെയദോറിന്റെ രചനകളിലുള്ളതെന്ന് ആധുനിക ദൈവശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. തെയദോറിന്റെ ദൈവശാസ്ത്രവീക്ഷണങ്ങളുടെ ആധികാരികതയെക്കുറിച്ച് കത്തോലിക്കാസഭ ഇന്ന് സംശയം പുലർത്തുന്നില്ല. തെയദോറിന്റെ കൂദാശക്രമം വിശ്വാസസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെന്നാണ് കത്തോലിക്കാ സഭയുടെ ആധികാരികമായ നിലപാട്. ഈ കൂദാശക്രമത്തിലെ ദൈവശാസ്ത്രപരമായ ആശയങ്ങൾ സത്യവിശ്വാസത്തോടു ചേർന്നുപോകുന്നതും വിശുദ്ധഗ്രന്ഥവുമായി ഏറ്റവുമടുത്ത് നില്ക്കുന്നതുമാണ്.

ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഈ കൂദാശയുടെ മുഖമുദ്ര വികാസം പ്രാപിച്ച ദൈവശാസ്ത്രവും വ്യവസ്ഥാപിതമായ ആശയഘടനയുമാണ്. പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ അടയാളമായി മാർ തെയദോറിന്റെ കൂദാശയെ നമുക്കു കാണാം. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോ





ഷത്തെ കൂടുതൽ അർത്ഥപൂർണ്ണവും അനുഭവവേദ്യവുമാക്കുവാൻ സഭയിലെ വ്യത്യസ്ത കൂദാശകൾക്ക് (അനാഫൊറകൾക്ക്) കഴിയുമെന്നതിനാൽ മാർ തെയദോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശക്രമം ഉപയോഗിച്ചുള്ള കുർബാനസീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹപ്രദമായിരിക്കും. ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ആഴമേറിയ ദൈവശാസ്ത്രബോധ്യങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കൂദാശയുടെ ആഘോഷം സീറോമലബാർ സഭയുടെ ദൈവശാസ്ത്ര വളർച്ചയെയും വിശ്വാസജീവിതത്തെയും ത്വരിതപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മംഗലവാർത്തക്കാലം ഒന്നാം ഞായർമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലങ്ങളിൽ ഉപയോഗിക്കേണ്ടതെന്ന് പാരമ്പര്യം നിഷ്കർഷിച്ചിരുന്ന ഈ കൂദാശക്രമം ആരാധനാവത്സരത്തിലെ ഏതു കാലത്തും സാധിക്കുന്ന സന്ദർഭങ്ങളിലൊക്കെ ഉപയോഗിച്ച് കുർബാനയർപ്പിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാനും അനുഭവിക്കാനും സഭാമക്കളെല്ലാവരോടും സ്നേഹപുരസ്സരം ആഹ്വാനം ചെയ്യുന്നു.

**പ്രഘോഷണഗ്രന്ഥങ്ങൾ**

ക്രൈസ്തവ സഭയിലെ എല്ലാ ആരാധനക്രമങ്ങളും വചനശുശ്രൂഷയ്ക്കായി പ്രത്യേകം ക്രമപ്പെടുത്തിയ വായനപ്പുസ്തകങ്ങൾ (Lectionaries) അഥവാ പ്രഘോഷണഗ്രന്ഥങ്ങളാണ് ഉപയോഗിക്കുന്നത്. ഓരോ ദിവസത്തെയും വി. ഗ്രന്ഥവായനകൾ ആരാധനാവത്സരത്തിലെ കാലങ്ങൾക്കും നിശ്ചിത തീയതികൾക്കും അനുസൃതമായി ക്രമമായി നല്കുന്ന ഗ്രന്ഥമാണ് പ്രഘോഷണഗ്രന്ഥം. വായനകൾ എളുപ്പത്തിൽ തിരഞ്ഞെടുക്കുവാനും കലണ്ടർ നിർദേശിക്കുന്ന വ്യത്യസ്ത വി. ഗ്രന്ഥഭാഗങ്ങൾ അനായാസം ഒരുമിച്ചുചേർത്തുവായിക്കാനും പ്രഘോഷണഗ്രന്ഥം വളരെ സഹായകമാണ്.

1986ൽ നമ്മുടെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം ഉദ്ഘാടനം ചെയ്യപ്പെട്ടതുമുതൽ പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നു. എന്നാൽ ആ ലക്ഷ്യം ഇപ്പോഴാണ് സഫലമാകുന്നത്. 1959ലും 1960ലുമായി റോമിൽനിന്ന് നല്കിയ Ordo Celebrationis Quddasae, Supplementum Mysteriorum എന്നീ ഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ള വിശുദ്ധ ഗ്രന്ഥവായനക്രമത്തോട് പരമാവധി വിശ്വസ്തത

പുലർത്തിക്കൊണ്ടാണ് ഇപ്പോൾ പ്രസിദ്ധീകൃതമാകുന്ന പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. സീറോമലബാർ സിനഡിന്റെ ആഹ്വാനമനുസരിച്ച് പലവർഷങ്ങളായി സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയും സബ് കമ്മിറ്റികളും സൂക്ഷ്മപഠനം നടത്തി വളരെ അനിവാര്യമായ ചില ഭേദഗതികൾ വായനക്രമത്തിൽ വരുത്തിയിട്ടുണ്ട്. സാധാരണ ദിവസങ്ങൾക്കു വേണ്ടിയുള്ള വായനകൾ ആരാധനാവത്സരത്തിന്റെ ചൈതന്യത്തിനനുസരിച്ച് ആരാധനക്രമ പണ്ഡിതരും വിശുദ്ധഗ്രന്ഥ പണ്ഡിതരുമടങ്ങിയ സബ്കമ്മിറ്റികളാണ് തയ്യാറാക്കിയത്. 2013 ആഗസ്റ്റിലെ സിനഡ് അംഗീകാരം നൽകിയ പ്രഘോഷണ ഗ്രന്ഥങ്ങളാണ് പഴയനിയമം, ലേഖനം, സുവിശേഷം എന്നീ മൂന്ന് പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുന്നത്. ആരാധനാവത്സരത്തിലെ എല്ലാ ദിവസങ്ങൾക്കും തിരുനാളുകൾക്കും പ്രത്യേക സന്ദർഭങ്ങൾക്കും വേണ്ടിയുള്ള വായനകൾ ഈ പ്രഘോഷണ ഗ്രന്ഥങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമപരമായ വളർച്ചയുടെ വ്യക്തമായ സൂചനയാണ് ഈ പ്രഘോഷണഗ്രന്ഥങ്ങൾ. കൂടുതൽ ഫലപ്രദമായ ഒരു വചനശുശ്രൂഷ നടത്താൻ പ്രഘോഷണഗ്രന്ഥങ്ങൾ സഭയ്ക്കുമുഴുവനും ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു. സീറോമലബാർ സഭയിലെ എല്ലാ ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പുതിയ ആരാധനാവത്സരം തുടങ്ങുന്ന ഡിസംബർ 1 മുതൽ കുർബാനയുടെ വചനശുശ്രൂഷയ്ക്കായി പ്രഘോഷണഗ്രന്ഥങ്ങൾ ഉപയോഗിച്ചു തുടങ്ങണമെന്ന് സഭാമക്കളെല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2013-ാം ആണ്ട് നവമ്പർ മാസം 7 -ാം തിയതി നൽകപ്പെട്ടത്.





453/2013
15-11-2013

## വിജ്ഞാപനം - 120

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട മാധവ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പേരിൽ കേരളകർഷക ജനതയ്ക്കുള്ള ആശങ്കകളാണല്ലോ ഇപ്പോഴത്തെ പ്രധാനചർച്ചാവിഷയം. പ്രകൃതി സംരക്ഷണം അത്യന്താപേക്ഷിതം തന്നെ; പ്രത്യേകിച്ച് വനത്തിന്റെ കാര്യത്തിൽ. എന്നാൽ പശ്ചിമഘട്ട മേഖലയുടെ മൊത്തംകാര്യ മെടുക്കുമ്പോൾ പ്രകൃതിയുടെ മകുടമായ മനുഷ്യനേയും അവന്റെ മൗലികാവകാശങ്ങളേയും അവഗണിച്ചുകൊണ്ടുള്ള സർക്കാരിന്റെ സമീപനത്തെ കർഷകജനത ഭയത്തോടെയാണ് നോക്കിക്കാണുന്നത്.

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ പരിസ്ഥിതി ലോല പ്രദേശമായി 123 വില്ലേജുകളാണുള്ളത്. അതിൽ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി, മുതലമട, നെല്ലിയാമ്പതി, അട്ടപ്പാടിയിലെ പുതൂർ, പാടവയൽ, അഗളി, കോട്ടത്തറ, കള്ളമല, ഷോളയൂർ, പാലക്കയം, പുതുപ്പരിയാരം, മലമ്പുഴ, പുതുശ്ശേരി, എന്നിങ്ങനെ14 വില്ലേജുകളുടെ കീഴിൽവരുന്ന ഭൂപ്രദേശങ്ങളാണ് സോൺ ഒന്നിൽ പെടുന്നത്. എന്നാൽ ഈ വില്ലേജുകളോട് ചേർന്നു കിടക്കുന്ന 10കി.മീ.വരെ വരുന്ന ഭൂപ്രദേശങ്ങൾ സംരക്ഷിതമേഖലയായിരിക്കും(Buffer Zone) എന്ന് റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്.

ഈ റിപ്പോർട്ടുകൾ പ്രാബല്യത്തിൽ വന്നാൽ മേൽപ്പറഞ്ഞ വില്ലേജുകളിൽ കാർഷിക കാർഷികാനുബന്ധ പ്രവർത്തനങ്ങളും വികസനപദ്ധതികളും കേന്ദ്രവനപരിസ്ഥിതി മന്ത്രാലയത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമാകേണ്ടിവരും. കർഷക സമൂഹത്തിന്റെ പ്രത്യേകിച്ച് മലയോരകർഷകരുടെ പരിസ്ഥിതി സൗഹൃദമായ കൃഷിരീതികളേയും, വരുമാനമാർഗ്ഗങ്ങളേയും സാരമായി ബാധിക്കുന്നതാണ്. ഇതുപ്രകാരം മുകളിൽ പറഞ്ഞ സ്ഥലങ്ങളിലെ റബർ തുടങ്ങിയ ഏക വിളകൃഷികളുള്ള ഭൂമി ഭാവിയിൽ പ്രകൃതിദത്ത വനങ്ങളായി മാറ്റേണ്ടിവരും. പുതിയ റോഡുകൾ, ഭവനങ്ങൾ എന്നിവ നിർമ്മിക്കുവാനോ, ഉള്ളവ വികസിപ്പിക്കുവാനോ തടസ്സങ്ങളുണ്ടാകും. സിമന്റ്, കമ്പി, മണൽ എന്നിവ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം നിയന്ത്രണവിധേയമാകും. മലയോര സ്വകാര്യഭൂമിയിലെ ഉടമസ്ഥർക്ക്

മരം മുറിക്കുന്നതിന് നിലവിലുള്ള അവകാശങ്ങൾപോലും നിക്ഷേധിക്കപ്പെടും.

മനുഷ്യ ജീവനേക്കാൾ വന്യമൃഗസംരക്ഷണത്തിന് പ്രാമുഖ്യം കൊടുക്കുന്ന സമീപനമാണ് റിപ്പോർട്ട് സ്വീകരിച്ചിരിക്കുന്നത്. മനുഷ്യവാസമേഖലകളെ വന്യമൃഗങ്ങളിൽനിന്ന് സംരക്ഷിക്കാൻ ഉതകുന്ന ഉപാധികൾ ഒന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടില്ല. വന്യമൃഗസംരക്ഷണത്തിന് ഉപകരിക്കുന്ന നീയമങ്ങളുണ്ടെങ്കിലും മനുഷ്യന്റെ ജീവനും കൃഷിക്കും സ്വത്തിനും മാത്രം സംരക്ഷണവും സുരക്ഷിതത്വവും ഇല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്.

കമ്മിറ്റി റിപ്പോർട്ടുകളുടെ ഭവിഷ്യത്തുകൾ ജനങ്ങൾ അടുത്തകാലം വരെ വേണ്ടത്ര മനസ്സിലാക്കിയിരുന്നില്ല. എന്നാൽ ഈ റിപ്പോർട്ടുകൾ കർഷകരെ ദാരുണമായി പീഡിപ്പിക്കുന്നതാണെന്ന് പത്ര മാധ്യമങ്ങളും വിദഗ്ധ കർഷക സംരക്ഷണ സമിതികളും വെളിപ്പെടുത്തിയപ്പോൾ നാടിന്റെ നാനാഭാഗത്തുനിന്ന് പ്രതിഷേധസ്വരം ഉയർന്നുവരികയാണ്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഗണിക്കാതെയും പങ്കാളിത്താധിഷ്ഠിത പഠനം നടത്താതെയുമുള്ള ഈ റിപ്പോർട്ടിലെ ശുപാർശകൾ അതേപടി നടപ്പാക്കാനുള്ള ശ്രമമാണ് ഭരണ ഉദ്യോഗസ്ഥ തലങ്ങളിൽ നടക്കുന്നത്. അതിനാൽ ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുവാൻ നമ്മുടെ രൂപതയിൽ വിളിച്ചുകൂട്ടിയ യോഗത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്നകാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. നമ്മുടെ എല്ലാ ഇടവകകളിലും കർഷകസംരക്ഷണ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരടങ്ങുന്ന 5 പേരുടെ പേര്, അഡ്രസ്സ്, ടെലിഫോൺ നമ്പർ എന്നിവ ഫൊറോനവികാരിമാരെ അറിയിക്കുക.

2. ഫൊറോനവികാരി ഫൊറോനതലത്തിലെ സമിതിയംഗങ്ങളെ വിളിച്ചുകൂട്ടി ബോധവത്ക്കരണ സെമിനാറുകളും കർമ്മപരിപാടികളും ആസൂത്രണം ചെയ്യുക.

3. ഫൊറോന, ഇടവകതലങ്ങളിൽ നിവേദനങ്ങൾ തയ്യാറാക്കി നവംബർ 29-ാം തീയതി കാലത്ത് 10 മണിക്ക് മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സന്നിഹിതരാകുന്ന കേരളസർക്കാർ നിയോഗിച്ച മൂന്നംഗ വിദ്ഗദ്ധസമിതിക്ക് നൽകുക.





4. ഫൊറോനതലങ്ങളിൽ ഡിസംബർ 8-ാം തീയതിക്ക് മുൻപ് ഫൊറോനപാസ്റ്ററൽ കൗൺസിൽ വിളിച്ചുചേർക്കുകയും ഈ കൗൺസിലിൽ ഇടവകയിലെ കർഷകസംരക്ഷണജാഗ്രത സമിതിയിലെ ഭാരവാഹികളെക്കൂടി ഉൾപ്പെടുത്തി വിഷയം ചർച്ചചെയ്യുകയും ചെയ്യുക.

നവംബർ 23-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്ററിൽ ഈ വിഷയത്തെക്കുറിച്ച് പഠനസെമിനാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ഹൈറേഞ്ച് സംരക്ഷണസമിതി കൺവീനർ ബഹു. സെബാറ്റ്യൻ കൊച്ചുപുരയ്ക്കൽ അച്ചൻ ഈ സെമിനാറിന് നേതൃത്വം നൽകുന്നതാണ്. പ്രശ്നവിഷയത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുവാൻ ഇടവകയിൽ രൂപീകരിച്ച കർഷകജാഗ്രതസമിതിയംഗങ്ങളെ സെമിനാറിലേക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതിസംരക്ഷണ നിയമങ്ങളെ മറികടന്ന് നഗരവികസനത്തിന്റെ പേരിൽ ജലവും വായുവും അന്തരീക്ഷവും ജൈവവൈവിധ്യങ്ങളും തകിടംമറിയ്ക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ അരങ്ങേറുന്നതിനെക്കുറിച്ചും നഗരങ്ങളിലെ ഉപഭോഗസംസ്ക്കാര ജീവിതശൈലി ഏൽപ്പിക്കുന്ന പരിസ്ഥിതി ആഘാതത്തെക്കുറിച്ചും പരിസ്ഥിതിവാദികളുടെയും അധികാരവൃന്ദത്തിന്റെയും കണ്ണിൽപ്പെടാത്തത് അതിശയമുളവാക്കുന്നു. പണവും സ്വാധീനവും ഉണ്ടെങ്കിൽ എന്തും ചെയ്യാമെന്നല്ലേ ഇതിനർത്ഥം. പ്രകൃതിയോട് സൗഹൃദബന്ധം സ്ഥാപിച്ച് മണ്ണിൽ പണിയെടുക്കുന്ന കർഷകരെ ദ്രോഹിക്കാതെ അവരുടെയും കൂടെ പങ്കാളിത്തത്തോടെ പരിസ്ഥിതിസംരക്ഷണ പരിപാടികൾ നിലനിർത്തുവാനാണ് ഉത്തരവാദിത്വമുള്ള സർക്കാർ നിർവ്വഹിക്കേണ്ടത്.

കേരളജനതയുടെ വികസനത്തിന് അക്ഷീണം യത്നിക്കുന്ന മലയോരകർഷകരെ പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ പ്രതിക്കൂട്ടിൽനിർത്തി പീഡിപ്പിക്കുമ്പോൾ നിസ്സംഗതയോടെ നോക്കിനിൽക്കാൻ സഭയ്ക്കാവില്ല. അവരോട് പക്ഷം ചേർന്ന് പ്രശ്നപരിഹാരത്തിന് പാലക്കാട് രൂപതാംഗങ്ങളായ നമുക്ക് ഒന്നിച്ച് അണിനിരക്കാം.



**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB : for recordical purpose




**2013 December**

| | | |
|---|---|---|
| 1 | AM | St. Mary's Church, Mylampully |
| | PM | Holy Trinity Cathedral, Ramanathapuram |
| 2-4 | | Pune |
| 5 | PM | Sehion Retreat Centre, Thavalam |
| 7 | PM | Sinai Retreat Centre |
| 8 | | St. Jude Church, Odamthode |
| | | St. Mary's Church, Karimkayam |
| 9 | AM | St. Mary's Polytechnic College, Valliyode |
| | PM | Blessing, *Nithyaradhana* Chapel, Palakkad |
| 10-12 | | KCBC Meeting, POC, Kochi |
| 13 | | Catechism Directors' Meeting, Kakkanad |
| 14 | | Pastoral Council, Bishop's House |
| 15 | | Meeting, Town Hall |
| 16 | | St. Mary's Church, Palluruthy, Kochi |
| 17 | | Monthly Recollection |
| 18 | | Blessing, Sanjo Convent, Palakkad |
| 21 | | Meeting, Pastoral Centre |








| | | |
|---|---|---|
| 22 | AM | Marian Renewal Centre, Dhoni |
| | PM | St. Mary's Minor Seminary, Kalleppully |
| 23 | | New Department's Blessing, Paalana Hospital |
| 25 | | Christmas, St. Raphaels Cathedral |
| 26 | | Thuravoor |
| 28 | AM | Ordination, Mangalam Dam |
| | PM | *Prathibha Sangamam*, Mt. St. Thomas, Kakkanad |
| 29 | | St. Mary's Cathedral Basilica, Ernakulam |
| 30 | | Ordination, Thrithwamala |

**2014 January**

| | | |
|---|---|---|
| 1 | | Ordination, Kalladikode |
| 2 | | Ordination, Ponkandam |
| 4 | AM | St. Raphaels Cathedral |
| | PM | Vestition, Dominican Sisters, Mannarkkad |
| 5 | | St. Williams Church, Edathanattukara |
| 6 | PM | Vestition, DDP Sisters, Chandranagar |
| 7-11 | | Synod, Mt. St. Thomas, Kakkanad |
| 12 | | Karanakodan Church, Ernakulam |
| 14 | | Monthly Recollection |




**വൈദികരുടെ മാസധ്യാനം**

ഡിസംബർ 17-ാം തിയ്യതി വൈദികരുടെ മാസധ്യാനം അരമനയിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

**തിരുപ്പട്ടം**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന മംഗലംഡാം ഇടവകാംഗം ഡീ. ക്രിസ്റ്റോ കാരക്കാട്, ത്രിത്വമല ഇടവകാംഗം ഡീ. ബിജു കുമ്മംക്കോട്ടിൽ, പൊൻകണ്ടം ഇടവകാംഗം ഡീ. സെബിൻ ഉറുകുഴിയിൽ എന്നിവരെ പ്രാർത്ഥനയിൽ ഓർക്കുക.

**വിവാഹമുടക്കം**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായ നോമ്പായതിനാൽ ആ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾ അനുവദനീയമല്ല.

**നിത്യാരാധന കപ്പേള**

നിത്യാരാധന കപ്പേളയുടെ നവീകരണ പ്രവർത്തനങ്ങൾ ഡിസംബർ 9-ാം തീയതിയോടെ പൂർത്തിയാകുകയുള്ളു. അന്നേദിവസം വൈകുന്നേരം 6 മണിക്ക് കപ്പേള വെഞ്ചരിച്ച് അഭി. പിതാവ് വി. കുർബാന അർപ്പിക്കുന്നതായിരിക്കും.

ഡിസംബർ 24, 25, 26 തീയതികളിൽ പാലക്കാട് നിത്യാരാധനാ കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

## APPOINTMENTS

1. **Rev. Fr. Aji Aikkara**, Asst. Manager, St. Mary's Polytechinc College, Valliyode. w.e.f. 01.12.2013.
2. **Rev. Fr. Tom Varanath O.Carm.**, Asst. Vicar, Good Shephered Church, Kanjikode, w.e.f. 01.12.2013.
3. **Rev. Fr. Jomy Thekkumkattil**, Vicar, Fathima Matha Church, Kallekkad; w.e.f. 16.12.2013.





4. **Rev. Fr. Jino Puramadathil**, Vicar, St. James Church, Kulakkattukurussi; Chaplain, Christhuraja Convent, Kulakkattukurussi, w.e.f. 16.12.2013.
5. **Rev. Fr. Binu Ponkattil**, Vicar, St. Andrews & Francis Church, Chittilamcherry; Chaplain, House of Nazareth Convent, Chittilamcherry, w.e.f. 16.12.2013.
6. **Rev. Fr. Johnson Kannampadathil**, Vicar, St. Thomas Aquinas Church, Akathethara, w.e.f. 16.12.2013.
7. **Rev. Fr. Jose Kochuparambil**, Relieved, St. Thomas Aquinas Church, Akathethara, w.e.f. 16.12.2013

## രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

**തിയ്യതി : 2013 ഡിസംബർ 14, ശനി - സമയം : 10.30am to 1.00pm**

**രൂപതാ പാസ്റ്ററൽ സെന്ററൽ, ചക്കാന്തറ, പാലക്കാട്**

**വിഷയം**

1. ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങൾ ഏവ?
2. കാർഷിക മേഖല വംശനാശത്തിന്റെയും നിലനില്പ്പിന്റെ തന്നെയും ഭീഷണിയിലാണ്. ഈ പശ്ചാത്താലത്തിൽ കർഷക സംഘടനകൾ രൂപീകരിച്ച് ഫൊറോന-രൂപതാതലത്തിൽ എങ്ങനെ ഏകീകരിച്ച് പ്രവർത്തിക്കാം?
3. കർഷകരെ ഉൾപ്പെടുത്തികൊണ്ട്, കർഷകസഹകരണത്തോടെ പരിസ്ഥിതി സംരക്ഷണവും സുസ്ഥിര കൃഷിയും ഉറപ്പാക്കാൻ നമുക്ക് എന്തുചെയ്യാൻ സാധിക്കും?
4. റൂബിജൂബിലി ആഘോഷങ്ങൾ.

**ഈ വിഷയങ്ങൾ ഫൊറോന പാസ്റ്ററൽ കൗൺസിലിൽ ചർച്ച ചെയ്ത് റിപ്പോർട്ടുകൾ ഡിസംബർ 9ന് മുമ്പായി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയെ ഏൽപിക്കുക.**

**ഫാ. അബ്രഹാം പാലത്തിങ്കൽ**
സെക്രട്ടറി, രൂപതാ പാസ്റ്ററൽ കൗൺസിൽ

# മാമോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ

**മാമോദീസായിൽ കുട്ടികൾക്ക് ക്രിസ്തീയ പേരുകൾ നൽകേണ്ടതാണ്** (cf. രൂപതാ നിയമാവലി, പേജ് 109).

a. ശിശുവിന്റെ ജനനതീയതിയെ സംബന്ധിച്ച് പഞ്ചായത്തിൽനിന്നുള്ള സർട്ടിഫിക്കറ്റോ അത് ലഭ്യമല്ലെങ്കിൽ ആശുപത്രിയിൽനിന്നുള്ള സർട്ടിഫിക്കറ്റോ ലഭിച്ചശേഷം മാത്രമാണ് മാമ്മോദീസ നടത്തി കൊടുക്കേണ്ടത്.

b. മാമോദീസായുടെ അവസരത്തിൽ ശിശുവിന്റെ ജനനതീയതി, മാമോദീസാ പേര്, ഔദ്യോഗിക റെക്കോഡുകളിൽ കൊടുക്കുന്ന വിളിപ്പേര് എന്നിവ രൂപതയിലെ നിർദ്ദിഷ്ട ഫോറത്തിൽ എഴുതിവാങ്ങിക്കേണ്ടതാണ്. വിളിപ്പേര് പിന്നീട് എഴുതിച്ചേർക്കുന്നതല്ല. വ്യക്തികൾ എഴുതിത്തരുന്ന ഫോറത്തിൽ റഫറൻസ് നമ്പർ കൊടുത്ത് പ്രത്യേക ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**I. രജിസ്റ്ററിൽ ഇതുവരെയുള്ള തെറ്റുകൾ തിരുത്തുവാൻ**

മാമോദീസ രജിസ്റ്ററിൽ തിരുത്തൽ വേണ്ടിവരുമ്പോൾ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ അനാവശ്യ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനാകും.

a. തിരുത്തൽ വരുത്തേണ്ടത് ആർക്കുവേണ്ടിയാണോ ആ വ്യക്തി (മൈനർ ആണെങ്കിൽ മാതാപിതാക്കളോ/രക്ഷിതാക്കളോ) കാര്യങ്ങളുടെ വിശദാംശങ്ങൾ രൂപത കച്ചേരി ഫോറത്തിൽ താഴെകൊടുത്തിരിക്കുന്ന അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചൻ വഴി രൂപതാകാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. രജിസ്റ്ററിലെ പേരിലെ അക്ഷരതെറ്റ് ബഹു. വികാരിയച്ചന് തിരുത്താവുന്നതാണ്. തിരുത്തിയത് റിമാർക്ക് കോളത്തിലോ മാർജിനിലോ ചേർക്കേണ്ടതും വികാരി തീയതി സഹിതം പേര് എഴുതി ഒപ്പിടേണ്ടതുമാണ്.

b. മാമോദീസ നടന്നപള്ളിയിലെ രജിസ്റ്ററിലാണ് ആദ്യം തിരുത്തൽ വരുത്തേണ്ടത്. അതിനാൽ തിരുത്തൽ ആവശ്യമുള്ള വ്യക്തിയോ/രക്ഷിതാവോ മാമോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതിയും/പേരും തെറ്റാണെന്നും ശരിയായത് ഏതാണെന്നും കാണിച്ച് അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന് അപേക്ഷക സമർപ്പിക്കേണ്ടതും ആ അപേക്ഷയിൽ എഴുതിയിരിക്കുന്നപ്രകാരം ആവശ്യമായ തിരുത്തലുകൾ വരുത്തി സർട്ടിഫിക്കറ്റ് നൽകണമെന്ന് ശുപാർശചെയ്ത് ബഹു. വികാരിയച്ചൻ. മാമോദീസ നടന്ന പള്ളിയിലെ വികാരിയച്ചന് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം പ്രസ്തുത അപേക്ഷ രജിസ്റ്ററുമായി ഒത്തുനോക്കി രൂപതാകാര്യാലയത്തിലേക്ക് ശുപാർശചെയ്ത് അയച്ചുകൊടുക്കേണ്ടതാണ്.

**II. ഗസറ്റുവഴി**

a. ഗസറ്റ് പരസ്യപ്പെടുത്തി പേര് മാറ്റിയിട്ടുണ്ടെങ്കിൽ രൂപതകച്ചേരി ഫോറത്തിൽ അപേക്ഷയോടൊപ്പം പ്രസ്തുത വിവരത്തിന്റെ കോപ്പി സഹിതം രൂപതാകാര്യാലയത്തിൽ രേഖാമൂലം അറിയിക്കണം.

b. രൂപതാകാര്യാലയത്തിൽനിന്ന് അനുമതി ലഭിച്ചശേഷം രജിസ്റ്ററിലെ റിമാർക്ക് കോളത്തിൽ ഗസറ്റ് നമ്പറും തീയതിയും ഏത് പേരിൽ നിന്ന്





ഏതു പേരിലേക്ക് മാറ്റം ലഭിച്ചതെന്നും ബഹു. വികാരിയച്ചൻ രേഖപ്പെടുത്തി ഒപ്പുവയ്ക്കണം. രൂപതാകാര്യലയത്തിൽനിന്നുള്ള കല്പനയുടെ നമ്പറും കുറിക്കേണ്ടതാണ്.

c. ഗസറ്റുവഴി മാറ്റിയപേര് ആദ്യം ആ വ്യക്തി മാമോദീസ സ്വീകരിച്ച രജിസ്റ്ററിലാണ് രേഖപ്പെടുത്തേണ്ടത്. ഒരുകാരണവശാലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന് പേര് വെട്ടി മാറ്റി എഴുതാൻ പാടുള്ളതല്ല.

d. ഗസറ്റിൽ പരസ്യപ്പെടുത്തി ജനനതീയതിയിൽ മാറ്റം വരുത്തിയെന്നതിന്റെ അടിസ്ഥാത്തിൽ മാത്രം മാമോദീസ രജിസ്റ്ററിൽ ജനനതീയതി മാറ്റുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ Clerical mistakes (യുക്തിക്കനുസൃതം) തിരുത്തുവാൻ അനുബന്ധരേഖകളോടുകൂടി ബഹു. വികാരിയച്ചൻ വഴി രൂപതാകാര്യലയത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**III. അനുബന്ധ രേഖകൾ**

a. ജനനതീയതിയെ സംബന്ധിച്ചാണെങ്കിൽ വ്യക്തി ജനിച്ച ആശുപത്രിയിലെ ജനനസർട്ടിഫിക്കറ്റ്

b. നിലവിലുള്ള മാമോദീസ സർട്ടിഫിക്കറ്റിന്റെ കോപ്പി

c. പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിവടങ്ങളിൽനിന്നുള്ള ജനനസർട്ടിഫിക്കറ്റ്

d. രൂപതാ കച്ചേരിയുടെ ഔദ്യോഗിക ഫോറത്തിൽ മാതാപിതാക്കളുടെ (അവരുടെ അഭാവത്തിൽ രക്ഷിതാവിന്റെ) സത്യവാങ്മൂലം ബോധിപ്പിക്കുന്ന അപേക്ഷ

e. ജനനതീയതിയും പേരും വ്യക്തമാക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റുകൾ

f. വ്യക്തിയുടെ തിരിച്ചറിയൽ കാർഡ്/റേഷൻ കാർഡ്/ പാസ്പോർട്ട്

g. സാധ്യമെങ്കിൽ തലതൊട്ടവരുടെ സത്യവാങ്മൂലം ബോധിപ്പിക്കുന്ന സാക്ഷ്യപത്രം

h. മാമോദീസ സർട്ടിഫിക്കറ്റിൽ പേരെഴുതിയിരിക്കുന്ന വ്യക്തിയും പുതിയ പേരിൽ അറിയപ്പെടുന്ന വ്യക്തിയും ഒരാൾ തന്നെയാണെന്ന് കാണിച്ചുകൊണ്ട് Public Notary യുടെ സാക്ഷ്യപ്പെടുത്തൽ രേഖ. തിരുത്തൽവരുത്തേണ്ട തീയതിയുടെ കാര്യത്തിലാണെങ്കിലും Public Notary യുടെ സാക്ഷ്യപത്രം അനിവാര്യമാണ്.

അപേക്ഷയും അനുബന്ധരേഖകളും വിശദമായി പഠിച്ച് ബോധ്യപ്പെടുന്ന പക്ഷം തീയതിയും പേരും സംബന്ധിച്ച തിരുത്തലുകൾ രജിസ്റ്ററിൽ വരുത്തുവാൻ രൂപതാമെത്രാൻ ബന്ധപ്പെട്ട വികാരിയെ അധികാരപ്പെടുത്തുന്നതാണ്. അതുപ്രകാരം ബഹു. വികാരിയച്ചന് പുതിയ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

**IV. തിരുത്തൽ നടത്തേണ്ടവിധം**

a. രജിസ്റ്ററിൽ എഴുതിയിരിക്കുന്നവ യാതൊരുകാരണവശാലും വെട്ടിതിരുത്തുവാനോ, മായ്ച്ചുകളയുവാനോ, അതിന്റെ മുകളിൽ എഴുതുവാനോ പാടില്ലാത്തതാകുന്നു. നിലവിലുള്ളത് അപ്രകാരം തന്നെ നിലനിർത്തണമെന്ന് സാരം. ഇത് എല്ലാ രജിസ്റ്ററുകളുടെ കാര്യത്തിലും ബാധകമാണ്.

b. തിരുത്തിയ തീയതിയും പേരും രജിസ്റ്ററിലെ മാർജിനിലോ റിമാർക്ക് കോളത്തിലോ ആണ് രേഖപ്പെടുത്തേണ്ടത്.
c. തീയതിയും പേരും രജിസ്റ്ററിൽ തിരുത്തി എഴുതേണ്ടിവരുമ്പോൾ രൂപതാകാര്യാലയത്തിൽനിന്ന് ലഭിച്ച കല്പനയുടെ നമ്പർ റിമാർക്ക് കോളത്തിൽ എഴുതേണ്ടതാണ്.
d. പുതിയതായി എഴുതിച്ചേർത്തതിന്റെ അവസാനത്തിൽ വികാരിയച്ചൻ ഒപ്പിടേണ്ടതാണ്.
e. അപേക്ഷ, അനുബന്ധരേഖകൾ, രൂപതാകാര്യാലയത്തിൽനിന്ന് ലഭിച്ച കല്പന എന്നിവ പ്രത്യേക ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
(details based on രൂപതാ നിയമാവലി പേജ് 114, രൂപതാ ബുള്ളറ്റിൻ 2007 ആഗസ്റ്റ് പേജ് 20, 2012 മാർച്ച് പേജ് 12).

**V. സ്കൂൾ സർട്ടിഫിക്കറ്റിൽ തിരുത്തൽ വേണ്ടിവരുമ്പോൾ**

a. ജനനതീയതി തെറ്റായി സ്കൂൾ രേഖകളിൽ രേഖപ്പെടുത്തിയത് തിരുത്താനുള്ള അധികാരം ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. എൽ.പി., യു.പി., സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും പഠനം പൂർത്തിയാക്കാതെ ഇടയ്ക്കുവച്ച് സ്കൂൾ വിട്ടുപോയ വിദ്യാർത്ഥികളുടെയും ജനനതീയതി തിരുത്താനുള്ള അധികാരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കുണ്ട്.
b. ഹൈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും പഠനം പൂർത്തിയാക്കാതെ ഇടയ്ക്കുവച്ച് സ്കൂൾ വിട്ടുപോയ വിദ്യാർത്ഥികളുടെയും ജനനതീയതി തിരുത്താനുള്ള അധികാരം ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കുള്ളതാണ്.
c. ജില്ല, ഉപജില്ല ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിലുള്ള വിദ്യാലയങ്ങളിലെ ജനനതീയതി തിരുത്താനുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ഓഫീസുകളിൽ വാങ്ങി പരമാവധി 3 മാസത്തിനുള്ളിൽ തീരുമാനം എടുത്ത് ബന്ധപ്പെട്ടവർക്ക് നൽകണം. അപേക്ഷകർക്ക് കൈപ്പറ്റി രസീത് നൽകണം. അപേക്ഷകൾ സംബന്ധിച്ച വിവരം എല്ലാ മാസവും പരീക്ഷ സെക്രട്ടറിക്ക് സമർപ്പിക്കുകയുംവേണം.
d. പത്താംക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കിയവരും എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ വിദ്യാർത്ഥികളും ഹെഡ്മാസ്റ്ററുടെ റിപ്പോർട്ടോടുകൂടി ജനനതീയതി തിരുത്താനുള്ള അപേക്ഷ പരീക്ഷാഭവൻ ജോയന്റ് കമ്മീഷണർക്ക് അയച്ചുകൊടുക്കണം.
e. ബന്ധപ്പെട്ട മുഴുവൻ രേഖകളോടുകൂടിയതും പൂർണ്ണരൂപത്തിലുള്ളതുമായ അപേക്ഷകൾ 6 മാസത്തിനകം തീരുമാനമെടുത്ത് അപേക്ഷകർക്ക് നൽകുന്നതാണ്.
f. അപേക്ഷാഫോറങ്ങൾ സൗജന്യമായി പരീക്ഷാഭവൻ, ജില്ലാവിദ്യാഭ്യാസ ഓഫീസർ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ എന്നിവടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ





## DIOCESAN DAY COLLECTION 2013

### PARISHES

| | | | |
|---|---|---|---|
| 1 | Karimba | Little Flower Church | 24470.00 |
| 2 | Kalladikode | Mary Matha Church | 20000.00 |
| 3 | Jellippara | St. Peter's Church | 15597.00 |
| 4 | Kadampazhipuram | St. Joseph's Church | 15000.00 |
| 5 | Thrithwamala | Holy Trinity Church | 13370.00 |
| 6 | Agali | Fatima Matha Church | 12500.00 |
| 7 | Pombra | St. Antony's Church | 8000.00 |
| 8 | Kollangode | St. Joseph's Church | 7500.00 |
| 9 | Keralassery | Immaculate Heart of Mary Church | 6000.00 |
| 10 | Kanjirapuzha Dam | St. Joseph's Church | 5000.00 |
| 11 | Sholayur | St. Antony's Church | 5000.00 |
| 12 | Kottathara | St. Alphonsa Church | 4000.00 |
| 13 | Kannambra | St. Joseph's Church | 3500.00 |
| 14 | Paruthikkad | St. Antony's Church | 2980.00 |
| 15 | Kozhinjampara | St. Antony's Church | 2950.00 |
| 16 | Palliyara | St. Mary's Church | 2000.00 |
| 17 | Puliyara | St. George's Church | 2000.00 |
| 18 | Nelliampathy | Mount Carmel Church | 2000.00 |
| 19 | Unnimala | Infant Jesus Church | 1000.00 |
| 20 | S. Malampuzha | St. Thomas Church | 500.00 |

### CONVENTS & INSTITUTIONS

| | | | |
|---|---|---|---|
| 1 | Palakkad | Mercy College | 5000.00 |
| 2 | Mundur | Vimal Rani Provincial House | 2000.00 |
| 3 | Cheenikkappara | Holy Family Convent | 300.00 |
| 4 | Palakkuzhy | Deepthi Bhavan | 300.00 |
| 5 | Ponkandam | Santhom Convent | 250.00 |
| 6 | Chammanampathy | St. Clare's Convent | 200.00 |

## Flood Relief Fund - 2013

| | | | |
|---|---|---|---|
| 1 | Palakkad | St. Raphael's Cathedral | 10000.00 |
| 2 | Vadakkenchery | Lourde Matha Forane Church | 8000.00 |
| 3 | Mylampully | St. Mary's Church | 2000.00 |
| 4 | Kalladikode | Mary Matha Church | 2000.00 |
| 5 | Kadampazhipuram | St. Joseph's Church | 1500.00 |
| 6 | Agali | Fatima Matha Church | 1000.00 |
| 7 | Thrithwamala | Holy Trinity Church | 1000.00 |
| 8 | Kottathara | St. Alphonsa Church | 500.00 |
| 9 | Sholayur | St. Antony's Church | 500.00 |
| 10 | Palliyara | St. Mary's Church | 500.00 |
| 11 | Thathamangalam | St. Mary's Forane Church | 500.00 |
| 12 | Kallekkad | Fatima Matha Church | 250.00 |
| 13 | S. Malampuzha | St. Thomas Church | 250.00 |

## Mission Sunday Collection

| | | | |
|---|---|---|---|
| 1 | Palakkad | St. Raphael's Cathedral | 25000.00 |
| 2 | Vadakkenchery | Lourde Matha Forane Church | 25000.00 |
| 3 | Kalladikode | Mary Matha Church | 20000.00 |
| 4 | Dhoni | St. James the Great Church | 16380.00 |
| 5 | Thrithwamala | Holy Trinity Church | 12000.00 |
| 6 | Paruthikkad | St. Antony's Church | 11400.00 |
| 7 | Kadampazhipuram | St. Joseph's Church | 11000.00 |
| 8 | Rajagiri | Sacred Heart Church | 10000.00 |
| 9 | Kanjikode | Good Shepherd Church | 10000.00 |
| 10 | Chittilanchery | St. Andrews and St. Francis Church | 10000.00 |
| 11 | Arogyapuram | St. Mary's Church | 9679.00 |
| 12 | Melarkode | St. Anton's Forane Church | 9500.00 |
| 13 | Kollangode | St. Joseph's Church | 7685.00 |





| | | | |
|---|---|---|---|
| 14 | Kallekkad | Fatima Matha Church | 5000.00 |
| 15 | Kannambra | St. Joseph's Church | 4600.00 |
| 16 | Kozhinjampara | St. Antony's Church | 3250.00 |
| 17 | Nemmara | Christ The King Church | 3000.00 |
| 18 | Neethipuram | St. Joseph's Church | 3000.00 |
| 19 | Thiruvizhamkunnu | Sacred Heart Church | 2500.00 |
| 20 | Alanallur | St. Joseph's Church | 2500.00 |
| 21 | Palappuram | St. Mary's Church | 2500.00 |
| 22 | Kodumthirappilly | Vimala Hrudaya Church | 2500.00 |
| 23 | Kanjirapuzha Dam | St. Joseph's Church | 2000.00 |
| 24 | Karappadam | St. Joseph's Church | 2000.00 |
| 25 | Mylampilly | St. Mary's Church | 2000.00 |
| 26 | Salam | St. Mary's Church | 2000.00 |
| 27 | Nelliampathy | Mount Carmel Church | 1500.00 |
| 28 | S. Malampuzha | St. Thomas Church | 1500.00 |
| 29 | Agali | Fatima Matha Church | 1000.00 |
| 30 | Palliyara | St. Mary's Church | 1000.00 |
| 31 | Snehagiri | St. Paul's Church | 1000.00 |
| 32 | Pombra | St. Antony's Church | 1000.00 |
| 33 | Njarakode | St. Sebastian's Church | 750.00 |
| 34 | Anakkallu | St. Joseph's Church | 500.00 |
| 35 | Sholayur | St. Antony's Church | 500.00 |
| 36 | Palliyara | St. Mary's Church | 500.00\ |
| 37 | Kottathara | St. Alphonsa Church | 500.00 |
| 38 | Unnimala | Infant Jesus Church | 500.00 |
| 39 | Palappuram | St. Mary's Church | 250.00 |
| 40 | Kallekkad | Fatima Matha Church | 250.00 |
| 41 | Palakkad | Mercy College | 15000.00 |
| 42 | Mundur | Vimal Rani Provincial House | 2000.00 |
| 43 | Palakkad | Jayamatha convent | 1000.00 |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jan-14 | WED | Rev. Fr. Chittilapilly Joseph |
| 2-Jan-14 | THU | Rev. Fr. Mavarayil Shijo |
| 3-Jan-14 | FRI | Rev. Fr. Mavunkal Jacob |
| 4-Jan-14 | SAT | Rev. Fr. Mechery Anson |
| 6-Jan-14 | MON | Rev. Fr. Mundaplackal Sanoj |
| 7-Jan-14 | TUE | Rev. Fr. Murickananickal Santhosh |
| 8-Jan-14 | WED | Rev. Fr. Muringakudiyil Biju |
| 9-Jan-14 | THU | Rev. Fr. Naduvathaniyil Shyju |
| 10-Jan-14 | FRI | Rev. Fr. Nedumpurath Antony |
| 11-Jan-14 | SAT | Rev. Fr. Olakkengil Viani |
| 13-Jan-14 | MON | Rev. Fr. Ollukaran Vincent |
| 14-Jan-14 | TUE | Rev. Fr. Palathinkal Abraham |
| 15-Jan-14 | WED | Rev. Fr. Pallineerakkal Jaimon |
| 16-Jan-14 | THU | Rev. Fr. Panapparambil Joseph |
| 17-Jan-14 | FRI | Rev. Fr. Parayil Jijo |
| 18-Jan-14 | SAT | Rev. Fr. Perumattil Antony |
| 20-Jan-14 | MON | Rev. Fr. Perumbillil George |
| 21-Jan-14 | TUE | Rev. Fr. Plathottathil Biju |
| 22-Jan-14 | WED | Rev.Fr. Plathottathil Jinse |
| 23-Jan-14 | THU | Rev. Fr. Ponkattil Binu |
| 24-Jan-14 | FRI | Rev. Fr. Ponmani Jose |
| 25-Jan-14 | SAT | Rev. Fr. Potteparambil Jose |
| 27-Jan-14 | MON | Rev. Fr. Pulickathazha Raju |
| 28-Jan-14 | TUE | Rev. Fr. Pulikottil Joshy |
| 29-Jan-14 | WED | Rev. Fr. Pullukalayil Reny |
| 30-Jan-14 | THU | Rev.Fr. Puramadathil Jino |
| 31-Jan-14 | FRI | Rev.Fr. Puthenpurayil Joshy |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**രണ്ടാം മിഡ്ടേം പരീക്ഷ**

സൺഡേസ്കൂൾ കുട്ടികളുടെ രണ്ടാം മിഡ്ടേം പരീക്ഷ ഡിസംബർ 1-ാം തിയതി ഞായറാഴ്ച നടക്കുന്നു. **അതാത് ക്ലാസ്സിലേക്കുള്ള പഠനഭാഗങ്ങൾ കലണ്ടറിൽ നോക്കി ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.**

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 21-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ 12.30വരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ 2013-14**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബാധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ഡിസം. 15** | **ഞായർ** | **9.30am to 4.00pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)** |
| **ഡിസം. 22** | **ഞായർ** | **9.30am to 4.00pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഡിസം. 29** | **ഞായർ** | **9.30am to 4.00pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 16 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന |

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2014 ജനുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00 മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2013 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1, 2, 3 റാങ്കുലഭിച്ചവരും 4, 5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാരും (ഈ പ്രാവശ്യം XII ക്ലാസു മാത്രമേ യോഗ്യത നേടിയുള്ളു)പ്രസ്തുത മീറ്റിംഗിൽ സന്നിഹിതരാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E,F വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്. (നവംബറിലെ ബുള്ളറ്റിൻ പേജ് 24, 26-29 കാണുക).

**X^th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ X^th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 27-ാം തിയതി ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനന തിയതി, മാമ്മോദീസാ തിയതി, തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**കറസ്പോണ്ടൻസ് കോഴ്സ്**

കറസ്പോണ്ടൻസ് കോഴ്സിന് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായിട്ടുള്ള രണ്ടാംഘട്ട ക്ലാസ്സുകൾ ഡിസംബർ 26-ന് നടത്തുന്നു.

| | | |
|---|---|---|
| സമയം | : | 9.30 am to 4.00 pm |
| സ്ഥലം | : | പാസ്റ്ററൽ സെന്റർ |





അന്നേ ദിവസം ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തുന്നതായിരിക്കും.

**പഠനഭാഗം**

1-6 പാഠങ്ങൾ; ഉപപാഠം-ഒന്നാം ഭാഗം; ലേവ്യർ 1-14 അദ്ധ്യായങ്ങൾ;

XI - പൗരസ്ത്യ കത്തോലിക്കാ സഭകളെ സംബന്ധിക്കുന്ന ഡിക്രി

XII- വൈദികശുശ്രൂഷയെയും ജീവിതത്തെയും സംബന്ധിക്കുന്നഡിക്രി (വിശ്വാസവർഷ മെഗാക്വിസ് പഠനസഹായിയിൽ നിന്നും)

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ കൊഴിഞ്ഞാമ്പാറ യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

**ഏറ്റവും കൂടുതൽ മാർക്കുനേടി ക്യാഷ് അവാർഡിന് അർഹരായവർ**

**എ ഗ്രൂപ്പ്**

| | | |
|---|---|---|
| I അനില മാത്യു | - | ചീനിക്കപ്പാറ |
| II റോസ് മരിയറ്റ് | - | കഞ്ചിക്കോട് |
| III അലീന ടി. ജെ | - | പൊമ്പ്ര |

**ബി ഗ്രൂപ്പ്**

| | | |
|---|---|---|
| I ജെൻസി പി ജോൺ | - | കാരറ |
| II ഹർഷ വർഗ്ഗീസ് | - | മണ്ണാർക്കാട് |
| III ജെമിലി ജോർജ്ജ് | - | പൊമ്പ്ര |

**സി ഗ്രൂപ്പ്**

| | | |
|---|---|---|
| I സി ക്ലയർ എം ജെ എൽ | - | ചിറ്റിലഞ്ചേരി |
| II സി. ഫിംബർ സി എം സി | - | കത്തീഡ്രൽ |
| III ഷൈനി പോൾ | - | കഞ്ചിക്കോട് |

NB: ക്യാഷ് അവാർഡ് 2014 മെയ് 24 ശനിയാഴ്ച നൽകപ്പെടുന്നതാണ്.

**നറുക്കെടുപ്പ്**

ഡിസംബർ 21-ാം തീയതി പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്ന രൂപതാമതബോധന കൗൺസിൽ മദ്ധ്യേ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസിൽ നേരത്തെ അറിയിച്ചിരുന്നതുപോലെ 85% ത്തിൽ കൂടുതൽ മാർക്കുനേടിയവരിൽ ഓരോ വിഭാഗത്തിൽനിന്നും ഓരോരുത്തരെ തിരഞ്ഞെടുത്ത് വിശുദ്ധനാട് സന്ദർശന ടിക്കറ്റും, 60% ത്തിൽ കൂടുതൽ മാർക്കുനേടിയവരിൽ ഓരോ വിഭാഗത്തിൽനിന്നും 15 പേരെ വീതം തെരഞ്ഞെടുത്ത് വേളാങ്കണ്ണിയിലേക്ക് തീർത്ഥയാത്രയ്ക്കുള്ള അവസരം നൽകുന്നതിനുമായി നറുക്കെടുപ്പ് നടത്തുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ടാൽ ആ വിവരം അവരെ വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

## മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് 2013 (Answer Key)

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | C | Intro.P.01 | 35 | D | OE Q.2 | 69 | A | DV Q.18 |
| 2 | A | AA Q.13 | 36 | A | OT Q.48 | 70 | D | SC Q.58 |
| 3 | B | GE Q.81 | 37 | C | CD Q.15 | 71 | A | IM Q.5 |
| 4 | C | DH Q.58 | 38 | D | CD Q.85 | 72 | B | PC Q.1 |
| 5 | D | DH Q.38 | 39 | B | OE Q.27 | 73 | B | OE Q.51 |
| 6 | C | NA Q.20 | 40 | D | OT Q.89 | 74 | A | OT Q.7 |
| 7 | D | LG Q.66 | 41 | D | PC Q.24 | 75 | D | PO Q.38 |
| 8 | B | LG Q.143 | 42 | D | OT Q.98 | 76 | B | AA Q.65 |
| 9 | C | DV Q.85 | 43 | C | GE Q.71 | 77 | B | NA Q.26 |
| 10 | B | IM Q.26 | 44 | D | AG Q.21 | 78 | A | DH Q.26 |
| 11 | A | UR Q.13 | 45 | D | GE Q.8 | 79 | D | DV Q.12 |
| 12 | D | GS Q.92 | 46 | A | GE Q.16 | 80 | B | IM Q.12 |
| 13 | B | OT Q.105 | 47 | B | GE Q.98 | 81 | A | PO Q.11 |
| 14 | A | PC Q.36 | 48 | C | Intro P.02 | 82 | D | PO Q.55 |
| 15 | C | GE Q.62 | 49 | D | LG Q.26 | 83 | C | CD Q.9 |
| 16 | C | GE Q.10 | 50 | A | DV Q.63 | 84 | B | OE Q.5 |
| 17 | D | AG Q.10 | 51 | D | NA Q.5 | 85 | D | CD Q.89 |
| 18 | D | AG Q.61 | 52 | A | DH Q.46 | 86 | A | SC Q.28 |
| 19 | A | GE Q.51 | 53 | B | AG Q.33 | 87 | C | DV Q.102 |
| 20 | B | GE Q.22 | 54 | B | AG Q.4 | 88 | B | SC Q.24 |
| 21 | B | DH Q.41 | 55 | C | GE Q.28 | 89 | B | GS Q.31 |
| 22 | C | Intro P.03 | 56 | D | GE Q.66 | 90 | A | CD Q.35 |
| 23 | A | LG Q.124 | 57 | A | GE Q.89 | 91 | A | LG Q.133 |
| 24 | B | Intro. P. 02 | 58 | B | PC Q.32 | 92 | B | LG Q.69 |
| 25 | D | DV Q.30 | 59 | C | OT Q.56 | 93 | C | LG Q.113 |
| 26 | D | LG Q.94 | 60 | A | CD Q.67 | 94 | D | Dv Q.112 |
| 27 | D | Dv Q.128 | 61 | B | OE Q.15 | 95 | A | GS Q.24 |
| 28 | C | SC Q.61 | 62 | D | UR Q.21 | 96 | D | GS Q.52 |
| 29 | B | GS Q.57 | 63 | C | UR Q.6 | 97 | C | GS Q.60 |
| 30 | C | GS Q.23 | 64 | C | SC Q.14 | 98 | A | GS Q.87 |
| 31 | B | GS Q.83 | 65 | D | DV Q.97 | 99 | B | LG Q.123 |
| 32 | B | DV Q.89 | 66 | C | GS Q.62 | 100 | D | IM Q.29 |
| 33 | A | IM Q.4 | 67 | B | SC Q.47 | | | |
| 34 | A | UR Q.5 | 68 | D | LG Q.60 | | | |





| | | |
|---|---|---|
| 101. ലാറ്ററൻ V | മെയ് 1512–മാർച്ച് 1517 | ജൂലിയസ് II, ലിയോ X |
| തെന്ത്രോസ് | ഡിസം.1545–ഡിസം.1563 | പോൾ III, പിയൂസ് IV |
| വത്തിക്കാൻ I | ഡിസം.1869–ജൂലൈ 1870 | പിയൂസ് IX |
| വത്തിക്കാൻ II | ഒക്ടോ. 1962–ഡിസം.1965 | ജോൺ XXIII, പോൾ VI |

102. വിശ്വാസ സംബന്ധമായതും ദൈവശാസ്ത്രപരവുമായ പ്രമാണരേഖകളാണ് സൈദ്ധാന്തിക പ്രമാണരേഖകൾ. ഉദാ: ലൂമെൻ ജെൻസിയും ദേയീ വെർബും.

103. സഭ ആധുനിക യുഗത്തിൽ (Gaudium et Spes) എന്ന പ്രമാണരേഖയുടെ 34–ാം ഖണ്ഡിക.

### S.M.C.C അവാർഡ്

സീറോമലബാർ കാറ്റകെറ്റിക്കൽ അവാർഡിനായുള്ള രൂപതാതല തിരഞ്ഞെടുപ്പ് 2013 നവംബർ 16, 17 തീയതികളിലായി പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തി. തിരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിനന്ദനങ്ങൾ. സഭാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ : **അലൻ ടോം (നെമ്മാറ), ജോർജ്ജ്കുട്ടി അലോഷ്യസ് (ചിറ്റൂർ–അട്ടപ്പാടി), അമന്റ ബെൻ (പൊന്നംകോട്), ജെൻസി പി ജോൺ (കാരറ).**

S.M.C.C അവാർഡ് സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26, 27, 28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

### രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 26–ാം തീയതി ഞായറാഴ്ച നടക്കുന്നതായിരിക്കും. 10–ാം ക്ലാസിന് 75 മാർക്കിലും 12–ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കുകൂടി പരിഗണിക്കുന്നതാണ്.

### I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 23 ഞായറാഴ്ചയാണ്.

### സ്കൊളാസ്റ്റിക് ടെസ്റ്റ്

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2014 മാർച്ച് 2–ാം തീയതി

ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

മതബോധനകേന്ദ്രത്തിൽനിന്നും പ്രസിദ്ധീകരിച്ച

| | |
|---|---|
| വത്തിക്കാൻ ക്വിസ് (4 കോൺസ്റ്റിറ്റ്യൂഷൻസ്) | 75 മാർക്ക് |
| മാതാപിതാക്കളും വിശ്വാസപരിശീലനവും | 15 മാർക്ക് |
| സഭാസംബന്ധമായ പൊതുവിജ്ഞാനം | 10 മാർക്ക് |
| ആകെ | - 100 മാർക്ക് |

ഈപ്രാവശ്യം സെമിനാർ ബുക്ക്ലെറ്റ് ഉണ്ടായിരിക്കുന്നതല്ല.

**റെഗുലർ സ്കൂൾ വാർഷിക പരീക്ഷ**

X, XI, XII ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2014 ജനുവരി 10-ാം തിയതി വെള്ളിയാഴ്ചയും I മുതൽ IX ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2014 ഫെബ്രുവരി 7-ാം തിയതി വെള്ളിയാഴ്ചയും നടത്തപ്പെടുന്നതാണ്.

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2013 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**ലോഗോസ് ക്വിസ് 100 ശതമാനം പേർ പരീക്ഷ എഴുതിയ സൺഡേസ്ക്കൂളുകൾ**

1. സേക്രഡ് ഹാർട്ട് ചർച്ച്, രാജഗിരി
2. ക്രിസ്തുരാജാ ചർച്ച്, കണ്ടമംഗലം
3. ഹോളി ക്രോസ് ചർച്ച്, പാടൂർ
4. ഇൻഫന്റ് ജീസസ് ചർച്ച്, ഉണ്ണിമല





5. സേക്രഡ് ഹാർട്ട് ചർച്ച്, തിരുവിഴാംകുന്ന്
6. സെന്റ് ആന്റണീസ് ചർച്ച്, ഷോളയൂർ
7. സെന്റ് ബർണ്ണദീത്താ ചർച്ച്, വട്ടപ്പാറ
8. സെന്റ് ജോർജ്ജ് ചർച്ച്, വചനഗിരി
9. സെന്റ് ജോസഫ്സ് ചർച്ച്, ജോസ്ഗിരി
10. സെന്റ് ജോസഫ്സ് ചർച്ച്, കൊല്ലംകോട്
11. സെന്റ് ജൂഡ് ചർച്ച്, ഓടംതോട്
12. സെന്റ് മേരീസ് ചർച്ച്, കരിംകയം
13. സെന്റ് തോമസ് ചർച്ച്, ചീനിക്കപ്പാറ
14. സെന്റ് ജോസഫ്സ് ചർച്ച്, അലനല്ലൂർ
15. സെന്റ് ജോസഫ്സ് ചർച്ച്, കാഞ്ഞിരപ്പുഴ ഡാം
16. സെന്റ് ജോസഫ്സ് ചർച്ച്, മേരിലാന്റ് ചിറ്റടി
17. സെന്റ് ജോസഫ്സ് ചർച്ച്, മെഴുകുംപാറ
18. ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ചർച്ച്, നെല്ലിയാംപതി

**മതബോധനദിന കളക്ഷൻ 201314**

2013-14 വിശ്വാസവർഷ അദ്ധ്യായനവർഷത്തിലെ മതബോധനദിനം 2013 ജൂൺ 2 ഞായറാഴ്ച ആയിരുന്നല്ലോ. ആ ദിവസത്തെ സ്തോത്രക്കാഴ്ച രൂപതാ വിശ്വാസപരിശീലന പരിപാടികൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ (മെയ് മാസത്തെ ബുള്ളറ്റിൻ പേജ് 25 ൽ അറിയിച്ച പ്രകാരം) നൽകിയ പള്ളികളുടെ പേരുകൾ ചുവടെ.

| | | |
|---|---|---|
| 1. | Lourde Matha Forane Church, Vadakkenchery | 10000.00 |
| 2. | Holy Trinity Forane Church, Thavalam | 2500.00 |
| 3. | Sacred Heart Church, Rajagiri | 2000.00 |
| 4. | St. Francis of Assisi Church, Kadambur | 1500.00 |
| 5. | St Mary Church, Arogyapuram | 1000.00 |
| 6. | St Joseph Church, Sreekrishnapuram | 1000.00 |
| 7. | St Joseph Church, Alanallur | 1000.00 |
| 8. | Fathima Matha Church, Agali | 1000.00 |
| 9. | Holy Cross Church, Pulapatta | 750.00 |
| 10. | Infant Jesus Church, Vayalur | 570.00 |
| 11. | St Thomas Church, Cheenickappara | 500.00 |
| 12. | St Mary Church, Maria Nagar Chittady | 500.00 |
| 13. | St Joseph Church, Maryland Chittady | 500.00 |
| 14. | St William Church, Edathanattukara | 500.00 |
| 15. | St John the Baptist Church, Kottappuram | 500.00 |

| | | |
|---|---|---|
| 16. | St Mary Church, Pullissery | 500.00 |
| 17. | Christu Jyothi Church, Kaithachira | 500.00 |
| 18. | Christ the King Church, Nemmara | 500.00 |
| 19. | St James the Great Church, Dhoni | 500.00 |
| 20. | St Ignatius Church, Koonathara | 500.00 |
| 21. | St Paul Church, Pattambi | 500.00 |
| 22. | St Mary Church, Palappuram | 500.00 |
| 23. | St Antony Church, Pombra | 500.00 |
| 24. | Holy Family Church, Chittur PKD | 500.00 |
| 25. | St Antony Church, Sholayur | 500.00 |
| 26. | St Alphonsa Church, Kottathara | 500.00 |
| 27. | St Peter Church, Jellippara | 500.00 |
| 28. | Holy Trinity Church, Thrithwamala | 500.00 |
| 29. | St Thomas Church, Chittur ATPDY | 500.00 |
| 30. | St George Church, Vachanagiri | 500.00 |
| 31. | St Mary Church, Palliyara | 300.00 |
| 32. | St Bernaditta Church, Vattappara | 250.00 |
| 33. | St Mary Church, Kadappara | 250.00 |
| 34. | St Joseph Church, Mezhukumpara | 250.00 |
| 35. | St Mary Church, Cherpulassery | 250.00 |
| 36. | Christ the King Church, Panamkutty | 250.00 |
| 37. | St Antony Church, Valkulambu | 250.00 |
| 38. | Sacred Heart Church, Thiruvizhamkunnu | 200.00 |
| 39. | Holy Cross Church, Padur | 200.00 |
| 40. | Holy Family Church, Nirav | 150.00 |
| 41. | Our Lady of Mount Carmel Church,Nelliampathy | 100.00 |

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെ





ങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

**ഇന്റർനെറ്റ് കാറ്റികിസം**

ഈ മാധ്യമയുഗത്തിൽ വഴിയും സത്യവും ജീവനും ആയ യേശുവിനെ പ്രഘോഷിക്കുന്നതിനായി രൂപതാവിശ്വാസപരിശീലനവേദി ഇന്റർനെറ്റ് കാറ്റികിസം എന്നപേരിൽ ഒരു കർമ്മപദ്ധതി ആരംഭിച്ചിരിക്കുന്നു. ഇതിനായി താല്പ്പര്യമുള്ളവർ ഫേസ്ബുക്കിൽ catechismpalghat എന്ന അക്കൗണ്ട് സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

**സ്റ്റാർസ്**
blogspot: starspalghat.blogspot.in

ഡിസംബർ മാസത്തിലെ സ്റ്റാർസ് എലൈറ്റ് ടീമിനുള്ള ഏകദിന പരിശീലനക്ലാസ്സ് ഡിസംബർ 31 ചൊവ്വാഴ്ച നടക്കുന്നു. നിശ്ചിതക്ലാസ്സിൽ പങ്കെടുക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. കൂടാതെ സ്റ്റാർസിലെ കുട്ടികളുടെ ബയോഡാറ്റ ശേഖരിക്കുന്നു. അതിനാൽ ബയോഡാറ്റ അയക്കാത്ത കുട്ടികൾ ഉടൻ തന്നെ ഈമെയിൽ ഐഡി ഉണ്ടാക്കി ബയോഡാറ്റ അയക്കാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

**ബൈബിൾ അപ്പോസ്തലേറ്റ്**
blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**

**A, B, C, D, E ,F വിഭാഗങ്ങളിൽ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | Rs 1000/+ KCBC | സർട്ടിഫിക്കററ് |
| രണ്ടാം സമ്മാനം | Rs 750/+ KCBC | സർട്ടിഫിക്കററ് |

| | | |
|---|---|---|
| മൂന്നാം സമ്മാനം | Rs 500/+ KCBC | സർട്ടിഫിക്കററ് |
| നാലാം സമ്മാനം | Rs 250/+ KCBC | സർട്ടിഫിക്കററ് |
| അഞ്ചാം സമ്മാനം | KCBC | നൽകുന്ന പുസ്തകം + സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ IIHDC വരെയുള്ള ഓരോ ക്ലാസിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധനകേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും, 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും, ഇടവകകൾക്ക് 25 പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന അനുപാതത്തിൽ പി ഒ സി തരുന്ന സമ്മാനങ്ങളും രൂപതാതല അവാർഡ്ദാനദിനമായ **2014 ജനുവരി 11-ാം തിയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യപിതാവ് നൽകുന്നതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്



## തിരുബാലസഖ്യം

blogspot: www.holychildhoodpalghat.blogspot.in

**രൂപതാകലോത്സവം**

രൂപതാ കലോത്സവ നിബന്ധനകൾ മുൻമാസബുള്ളറ്റിനുകളിൽ വന്നത് കണ്ട് കാണുമല്ലോ! ചില പൊതു നിർദ്ദേശങ്ങൾകൂടി നല്കുന്നു.

രൂപതാമത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രൂപതയിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.

എല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണം.

ഫൊറോനകളിൽ നിന്നുള്ള ലിസ്റ്റ് ഉടൻതന്നെ ഏല്പിക്കുക.

ലിസ്റ്റിലില്ലാത്തവർ മത്സരിക്കാൻ വന്നാൽ മത്സരിപ്പിക്കുന്നതല്ല.

കഴിഞ്ഞ കലോലത്സവത്തിൽ എവർറോളിംഗ് ട്രോഫികൾ കൊണ്ടുപോയവർ അത് തിരികെ എത്തിക്കുക.

**കലോത്സവദിനം**

2014 ജനുവരി 4-ാം തിയതി ശനിയാഴ്ചയാണ് രൂപതാമത്സരം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്ന മത്സരം കൃത്യം 9.30 ന് ആരംഭിക്കുന്നു. രാവിലെ 9 മണിക്ക് ഓഫീസിൽ വന്ന് നമ്പർ ടീം മാനേജർ കൈപ്പറ്റേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.





**ഭക്ഷണം**

ഉച്ചയോടുകൂടി അവസാനിക്കുന്ന രീതിയിലാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഭക്ഷണം ഇവിടെ നിന്ന് ആവശ്യമുള്ളവർ 9544334162 (Fr. Jomy, Director) എന്ന നമ്പറിൽ വിളിച്ച് പറയുക. ബുക്ക് ചെയ്യുന്നവർ രാവിലെ വന്ന് പണമടച്ച് ടോക്കൺ വാങ്ങുക. ടോക്കൺ ഉള്ളവർക്കേ ഭക്ഷണം ലഭിക്കുകയുള്ളു.

**പിറന്നാൾ ആശംസകൾ**

കുഞ്ഞുങ്ങളുടെ മാതൃകയും ഉറ്റ സ്നേഹിതനുമായ ഉണ്ണീശോയുടെ ജന്മദിനാശംസകൾ ഏവർക്കും സന്തോഷപൂർവ്വം നേരുന്നു. ഡിസംബർ 28 കുഞ്ഞിപൈതങ്ങളുടെ ദിനത്തിലും എല്ലാ കുഞ്ഞുങ്ങൾക്കുംവേണ്ടി ഉണ്ണീശോയോട് പ്രാർത്ഥിക്കണെ.

താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയും പ്രവർത്തനങ്ങളും ഈ ക്രിസ്തുമസ് ദിനങ്ങളിൽ കുഞ്ഞുങ്ങളെക്കൊണ്ട് ചെയ്യിക്കുവാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.

**ഉണ്ണീശോയ്ക്ക് ജന്മദിന സമ്മാനം**

**പ്രാർത്ഥന** (25 ദിവസവും ചൊല്ലുക)

എളിമയുടെയും ദാരിദ്രത്തിന്റെയും മാതൃകയായി പുൽക്കൂട്ടിൽ ജാതനായ ഉണ്ണീമിശിഹായേ എളിമയും അനുസരണവുമുള്ള കുഞ്ഞുങ്ങളായി ഞങ്ങളെ വളർത്തണമെ. ഞങ്ങളുടെ ഹൃദയങ്ങളിൽ ദൈവസ്നേഹവും സോദരസ്നേഹവും നിറക്കണമെ. നന്നായി പഠിക്കുവാനുള്ള ബുദ്ധിശക്തി നൽകണമെ. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്ന ഈശോയേ ഞങ്ങളെയും ഞങ്ങളുടെ വീടിനെയും ഇടവകയെയും ആശീർവദിച്ച് അനുഗ്രഹിക്കണമെ. ആമ്മേൻ.

| **സമ്മാനം** | **സുകൃതം** | **നിയോഗം** |
|---|---|---|
| പുൽക്കൂട് | 100 സുകൃതജപം | അനുസരണം |
| പിള്ളക്കച്ച | 5 വിശ്വാസ പ്രമാണം | വിശ്വാസം |
| തലയിണ | 15. നന്മനിറഞ്ഞ മറിയം | ക്ഷമ |
| പുൽമെത്ത | 25. ത്രിത്വസ്തുതി | വിനയം |
| തൊപ്പി | 5 എത്രയും ദയയുള്ള | ബുദ്ധി |
| മോതിരം | 50 സുകൃതജപം | ലക്ഷ്യബോധം |
| കരിവള | 3 മനസ്താപപ്രകരണം | എളിമ |
| ഷൂസ് | 1 ജപമാല | മാർപാപ്പ |
| സോപ്പ് | 5 എത്രയും ദയയുള്ള | മെത്രാന്മാർ |
| ചീപ്പ് | പ്രകാശരഹസ്യങ്ങൾ | വൈദികർ |
| കണ്ണാടി | മഹിമയുടെ രഹസ്യങ്ങൾ | സന്യസ്തർ |

| | | |
|---|---|---|
| കളിപ്പന്ത് | സന്തോഷ രഹസ്യങ്ങൾ | വൈദികാർത്ഥികൾ |
| പുതപ്പ് | യോഹ 3,16 മനഃപാഠമാക്കുക | വചനശുശ്രൂഷകർ |
| കുഞ്ഞിപ്പാവ | 1 ജപമാലചൊല്ലുക | ഭരണകർത്താക്കൾ |
| വിശറി | 5. പരിത്യാഗപ്രവർത്തികൾ | ഡോക്ടർമാർ |
| കിലുക്കം | ദുഃഖരഹസ്യങ്ങൾ | മദ്യപാനികൾ |
| തൊട്ടിൽ | 25 സ്വർഗ്ഗസ്ഥനായ പിതാവ്, | തടവറമക്കൾ |
| കാൽത്തള | 50.ത്രിത്വസ്തുതി | രോഗികൾ |
| പൂക്കൾ | 5പരോപകാര പ്രവർത്തികൾ | മാതാപിതാക്കൾ |
| തൂവ്വാല | 150 സുകൃതജപം | അയൽക്കാർ |
| ബലൂൺ | 15സ്വർഗ്ഗസ്ഥനായ | അനാഥർ |
| നക്ഷത്രം | 5 എത്രയും ദയയുള്ള... | അധ്യാപകർ |
| കുഞ്ഞുടുപ്പ് | ലൂക്ക2,52 മനഃപാഠമാക്കുക | യുവജനങ്ങൾ |
| കേക്ക് | ദിവ്യകാരുണ്യസ്വീകരണം | ലോകസമാധാനം |

**സുകൃതജപങ്ങൾ**

കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമേ (വി.ഫ്രാൻസീസ് അസീസി)

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിനൊത്തതാക്കണമേ

എന്റെ അമ്മേ എന്റെ ആശ്രയമേ.

എന്റെ ഉണ്ണീശോയെ, ഈ ജന്മദിനസമ്മാനം സ്വീകരിച്ച് എന്നെ അനുഗ്രഹിക്കണമെ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## അൾത്താരസംഘം

blogspot: abapalghat.blogspot.in

**അൾത്താര സംഘം ക്വിസ് മത്സരം**

രൂപതാതല ക്വിസ് മത്സരം ഡിസംബർ 14 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് 10.00am - 1.00pm വരെയായിരിക്കും. ഫൊറോനാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ പ്രസ്തുത ക്വിസ് മത്സരത്തിന് എത്തിച്ചേരുമല്ലോ.





**പഠനഭാഗം**

മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി **(ഡിക്രികൾ മാത്രം)-** | | 60% മാർക്ക് |
| കുർബാനപുസ്തകം | - | 15% മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 20% മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5% മാർക്ക് |

**ABA വാർഷിക റിപ്പോർട്ട്**

ഓരോ ഇടവകയിലെയും അൾത്താര ബാലന്മാരുടെ പ്രവർത്തനത്തെ വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ മതബോധന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്നകാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. **ഡിസംബർ 31ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഏൽപ്പിക്കേണ്ടതാണ്.** ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**ദൈവത്തിനു സ്തുതി**

**പ്രിയ കുഞ്ഞുമിഷനറിമാരേ,**

സ്നേഹത്തിലും സഹനത്തിലും ത്യാഗത്തിലും സേവനത്തിലും വേരൂന്നിക്കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്ന നമ്മുടെ സംഘടനയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് നാം ഇനിയും തീക്ഷണതയോടെ പ്രവർത്തനസജ്ജരാകേണ്ടതുണ്ട്. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി സംഘടന നടത്തിവരുന്ന വിശ്വാസപ്രമാണ ഫലകപ്രയാണം താവളം, മണ്ണാർക്കാട് എന്നീ മേഖലകൾ പിന്നിട്ടുകഴിഞ്ഞിരിക്കുകയാണ്. ഈ മാസത്തിൽ കാഞ്ഞിരപ്പുഴ മേഖലയിലൂടെയാണ് പ്രയാണം കടന്നുപോകുന്നത്.

വിശ്വാസപ്രമാണഫലകം എത്തിച്ചേരുന്ന ഓരോ ശാഖയിലും അംഗങ്ങൾ തീക്ഷ്ണതയോടെ അത് ഏറ്റുവാങ്ങുന്നതിനും ദേവാലയത്തിൽ ഉചിതമായ

രീതിയിൽ പ്രതിഷ്ഠിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

കഴിഞ്ഞ നവം.9ന് മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തപ്പെട്ട സംസ്ഥാന കലോത്സവത്തിൽ നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് 22 ഓളം അംഗങ്ങൾ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

**സബ് ജൂനിയർ വിഭാഗം**

1. ജീവൻ ജോജി, കണ്ടമംഗലം – ബോയ്സ് സംഗീതം, III A ഗ്രേഡ്
2. ക്രിസ്പീന മാത്യു, അഗളി – ഗേൾസ് പ്രസംഗം, A ഗ്രേഡ്
3. അന്ന മരിയ, അലനല്ലൂർ – ഗേൾസ് സംഗീതം, B ഗ്രേഡ്
4. ഗിഫ്റ്റി പൗലോസ്, ത്രിത്വമല – ഗേൾസ് സംഗീതം, C ഗ്രേഡ്

**ജൂനിയർ വിഭാഗം**

1. സാവിയോ ബിജു, കഞ്ചിക്കോട് – ബോയ്സ് പ്രസംഗം, B ഗ്രേഡ്
2. അഞ്ജിത സാബു, ധോണി – ഗേൾസ് സംഗീതം, A ഗ്രേഡ്
3. അന്ന ക്ലാരറ്റ്, കല്ലടിക്കോട് – ഗേൾസ് പ്രസംഗം, A ഗ്രേഡ്
4. ലിൻസ മരിയ, കോട്ടത്തറ – മിഷൻ ക്വിസ്, A ഗ്രേഡ്

**സൂപ്പർ സീനിയർ വിഭാഗം**

1. ജിതിൻ കല്ലടിക്കോട് – മെൻ സംഗീതം, A ഗ്രേഡ്
2. ജോജി മർക്കോസ്,കണ്ടമംഗലം – മെൻ സംഗീതം, A ഗ്രേഡ്
3. രാജു കളപ്പുരയ്ക്കൽ, കൊടുന്തിരപ്പുള്ളി– മെൻ പ്രസംഗം, A ഗ്രേഡ്
4. പ്രീതി ജോജി, കണ്ടമംഗലം –വിമെൻ സംഗീതം, A ഗ്രേഡ്

**പരിചമുട്ട്**

1. അഖിൽ അബ്രഹാം & ടീം, എടത്തനാട്ടുകര –B ഗ്രേഡ്

സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്തവർക്കും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കിയവർക്കും അഭിനന്ദനങ്ങൾ.പ്രോത്സാഹനം നല്കിയ എല്ലാ ഡയറക്ടറച്ചന്മാർക്കും പ്രത്യേകമായി അഭിവന്ദ്യപിതാവിനും രൂപതാസമിതിയുടെ നന്ദി രേഖപ്പെടുത്തുന്നു. തുടർപ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**2013 ഡിസംബർ കർമ്മപരിപാടികൾ**

ഡിസം. 1 ഞായർ : 25 നോമ്പ് ആരംഭിക്കുന്നു. ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കുവാനായി എല്ലാ അംഗങ്ങളും നോമ്പാചരണം നടത്തുക.

3 ചൊവ്വ : വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തുക.





ചിന്താവിഷയം : പ്രേഷിത പ്രവർത്തനത്തിലൂടെ വിശുദ്ധിയിലേയ്ക്ക്.

9 തിങ്കൾ : കരിഗ്മ–2013 കാഞ്ഞിരപ്പുഴ മേഖല ഏകദിന സെമിനാർ

25 ബുധൻ : ക്രിസ്തുമസ്സ് – പുൽക്കൂട് ഒരുക്കുക.

ചിന്താവിഷയം : വിശ്വാസം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ

28 ശനി : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

31 ചൊവ്വ : വർഷാവസാനം

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം : ജീവന്റെ സമൃദ്ധിക്കുവേണ്ടി.
* ക്രിസ്തുമസ്സിനോടനുബന്ധിച്ച് ശാഖയിലെ എല്ലാ ഭവനങ്ങളിലും ആശംസ കാർഡുകൾ എത്തിക്കുക.
* ശാഖകളിൽ ക്രിസ്തുമസ് ഫ്രണ്ടിനെ തിരഞ്ഞെടുത്ത് പ്രാർത്ഥിക്കുക.
* സുകൃതജപങ്ങളിലൂടെ ഈശോയ്ക്ക് ഹൃദയത്തിൽ പുൽക്കൂട് ഒരുക്കുക.
* പ്രവർത്തനവർഷത്തെ എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദിയർപ്പിക്കുക.
* മിഷൻ ആശംസാകാർഡുകൾ അയയ്ക്കുക, പ്രേഷിത പ്രവർത്തകരെ ആദരിക്കുക.
* പുതുവർഷത്തിനായി ഒരുങ്ങുക.
* രോഗികളെയും, അനാഥരേയും സന്ദർശിച്ച് ക്രിസ്തുമസ്സ് സന്ദേശം പങ്കുവെയ്ക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക, സമ്മാനങ്ങൾ കൈമാറുക.

**സുകൃതജപം :** “കുളിരാലേ വിറയ്ക്കുന്ന ഉണ്ണീശോയേ ഞങ്ങൾക്ക് കൂട്ടായിരിക്കണമേ”

**ഫാ. നീലേഷ് തുരുത്തുവേലിൽ**

ഡയറക്ടർ

## കെ. സി. വൈ. എം

**ഉത്സവ് 2013**

കേരള കത്തോലിക്ക യുവജനപ്രസ്ഥാനം പാലക്കാട് രൂപതയുടെ ആഭിമുഖ്യത്തിൽ കലാ–കായിക മത്സരങ്ങൾ‘ഉത്സവ് 2013’ നവംബർ 14ന് നടന്നു. കായിക മത്സരങ്ങൾ മേഴ്സികോളേജ് ഗ്രൗണ്ടിലും കലാമത്സരങ്ങൾ സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂളിൽ വച്ചുമാണ് നടത്തപ്പെട്ടത്. മേഴ്സികോളേജ് പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ ആലിസ് തോമസ് ഉദ്ഘാടനം ചെയ്തു.

വിവിധ മത്സരയിനങ്ങളിലായി അനേകം പേർ പങ്കെടുത്ത ഉത്സവിൽ ഏവരും വീറോടും വാശിയോടും കൂടി മത്സരിച്ചു. കാഞ്ഞിരപ്പുഴ ഫൊറോന ബെസ്റ്റ് ഫൊറോനയായി തെരഞ്ഞെടുക്കപ്പെട്ടു. വടക്കുഞ്ചേരി ഫൊറോന രണ്ടാം സ്ഥാനവും മംഗലംഡാം ഫൊറോന മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ബെസ്റ്റ് യൂണിറ്റ് സ്ഥാനം കരസ്ഥമാക്കിയത് വടക്കഞ്ചേരി യൂണിറ്റാണ്. സമ്മാനങ്ങൾ റവ. ഫാ. മാത്യു വാഴയിൽ വിതരണം ചെയ്തു. കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ടോം വടക്കേക്കര, ജോ. ഡയറക്ടർ റവ. ഫാ. ആന്റോ കീറ്റിക്കൽ, സെക്രട്ടറിയേറ്റ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിലാണ് മത്സരങ്ങൾ അരങ്ങേറിയത്.

**മാനിഷാദ 2013**

ലഹരിവസ്തുക്കളുടെ ഉപഭോഗം യുവസമൂഹത്തിൽ വരുത്തുന്ന മാരക വിപത്തുകളെക്കുറിച്ച് മാനവരാശിയെ ബോധവാന്മാരാക്കാനും അവയ്ക്കെതിരെയുള്ള ചെറുത്തുനിൽപ് കൂടുതൽ തീക്ഷ്ണത നിറഞ്ഞതാക്കുവാനുമായി പാലക്കാട് കെ.സി. വൈ.എം സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ റാലി ഡിസംബർ 14 ന് പാലക്കാട് ഫൊറോനയുടെ ആതിഥേയത്തിൽ സെന്റ് റാഫേൽസ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടക്കുന്നു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

## മാതൃസംഘം

**രൂപതാ ജനറൽബോഡി മീറ്റിംഗ് + രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

മാതൃസംഘം പാലക്കാട് രൂപത വാർഷിക ജനറൽബോഡി മീറ്റിംഗും രൂപതാ ഭാരവാഹികളുടെ (2014, 2015, 2016 പ്രവർത്തനവർഷങ്ങളിലേയ്ക്ക്) തിരഞ്ഞെടുപ്പും 2013 ഡിസംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യൂണിറ്റുകളിൽ നിന്ന് 5 ഭാരവാഹികളും സി. ആനിമേറ്റേഴ്സും നിർബന്ധമായും പങ്കെടുക്കണം. ഫൊറോന ജനറൽബോഡി തിരഞ്ഞെടുത്ത 5 പേരുടെ പാനൽ ലിസ്റ്റ് രൂപതാ ഇലക്ഷനുവേണ്ടി ഡിസംബർ 10-ാം തീയതിയ്ക്കുമുമ്പ് രൂപതാ കേന്ദ്ര ഓഫീസിൽ എത്തിക്കണം. മിനിമം ഒരു വർഷമെങ്കിലും ഫൊറോന തലത്തിൽ ഭാരവാഹിയായിരുന്നയാളും സമയവും സന്മനസ്സും മാതൃസംഘത്തിനുവേണ്ടി നൽകുന്നയാളുമായിരിക്കണം.

2014 പ്രവർത്തനവർഷത്തിലെ മാതൃസംഘം യൂണിറ്റ് അംഗങ്ങളുടെ





അഫിലിയേഷൻ ലിസ്റ്റും ഫീസും രൂപതയിൽ ഏല്പിക്കുക. രൂപതാ ജനറൽബോഡിയിൽ രൂപതാവാർഷിക റിപ്പോർട്ട്, കണക്കുകൾ, അവലോകനം എന്നിവ ഉണ്ടായിരിക്കും. യൂണിറ്റുകളുടെ വാർഷിക റിപ്പോർട്ടുകൾ ജനറൽ ബോഡിയ്ക്ക് കൊണ്ടുവരണം. യൂണിറ്റുകളിലെ ഓരോ അംഗവും രൂപതയിലേയ്ക്ക് 10 രൂപ വീതം അടയ്ക്കുക. യൂണിറ്റ് 100 രൂപയ്ക്ക് അഫിലിയേഷൻ പുതുക്കുക.

ജനറൽബോഡി മീറ്റിംഗ് ചിലവിലേയ്ക്ക് പങ്കെടുക്കുന്നവർ ഒരാൾ 75 രൂപ വീതം അടയ്ക്കുമല്ലോ.

**ഫാ. റെജി മാത്യു പെരുമ്പിള്ളിൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ഡിസംബർ** മാസത്തിലെ പ്രീകാനകോഴ്സ് **2,3,4,5** തിയ്യതികളിലും **ജനുവരി** മാസത്തിലെ പ്രീകാനകോഴ്സ് **6,7,8,9** തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.
പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**എപ്പാർക്കിയൽ അസംബ്ലിക്കു ഒരുക്കമായ് മേഖല തലത്തിൽ നടത്തപ്പെടുന്ന പഠനശിബിരം**

എപ്പാർക്കിയൽ അസംബ്ലിയുടെ വിജയം ചർച്ചചെയ്യപ്പെടാനുള്ള വിഷയങ്ങൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പഠിക്കുന്നതിലാണ്. കുടുംബ

കൂട്ടായ്മകളിൽ ഈ വിഷയങ്ങൾ സജീവമായി ചർച്ചചെയ്യപ്പെടുവാൻ താഴെ പറയുന്ന ക്രമീകരണം സഹായിക്കും. ഇടവകയിലെ എല്ലാ യൂണിറ്റുകളിലും ഈ വിഷയം ചർച്ചചെയ്യാൻ, നേതൃത്വം കൊടുക്കാൻ പ്രാപ്തനായ ഒരു വ്യക്തിയെ വികാരിയച്ചൻ നിയമിച്ച് മേഖലതലത്തിലുള്ള ക്ലാസ്സിൽ പങ്കെടുപ്പിക്കണം. ഈ ക്ലാസ്സിലൂടെ വിഷയങ്ങളെപ്പറ്റി ശരിയായി പഠിക്കുന്ന ഇടവക പ്രതിനിധി ഇടവകയിലെ യൂണിറ്റുകളിൽ ചർച്ചക്കു നേതൃത്വം കൊടുക്കും. അതിൻപ്രകാരം ഇപ്രകാരമാണ് ചർച്ചക്ലാസ് ക്രമീകരിച്ചിരിക്കുന്നത്.

**ഡിസംബർ 26 (Time 10-4)** വടക്കഞ്ചേരി മേഖല

(വടക്കുഞ്ചേരി, മംഗലഡാം, മേലാർക്കോട്, തത്തമംഗലം ഫൊറോനകൾ)

സ്ഥലം : വടക്കഞ്ചേരി ഫൊറോന പാരിഷ്ഹാൾ

**ഡിസംബർ 26 (Time 10-4)** കാഞ്ഞിരപ്പുഴമേഖല

(കാഞ്ഞിരപ്പുഴ, പൊന്നംങ്കോട്, മണ്ണാർക്കാട് ഫൊറോനകൾ)

സ്ഥലം: കാഞ്ഞിരപ്പുഴ പാരിഷ്ഹാൾ

**ഡിസംബർ 27 (Time 10-4)** പാലക്കാട് മേഖല

(പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം ഫൊറോനകൾ)

സ്ഥലം: പാലക്കാട് കത്തീഡ്രൽ പാരിഷ്ഹാൾ

**ഡിസംബർ 31 (Time 10-4)** അട്ടപ്പാടി മേഖല

സ്ഥലം: താവളം ഫൊറോന പാരിഷ്ഹാൾ

NB: ഇടവകയിൽ നിന്നും വരുന്ന പ്രതിനിധി കുടുംബകൂട്ടായ്മ ഭാരവാഹി ആകണമെന്നില്ല. വിഷയം അവതരിപ്പിക്കാൻ പറ്റുന്ന വ്യക്തിയാണെങ്കിൽ കൂടുതൽ ഉചിതം. ഈ പ്രതിനിധിയുടെ പക്കൽ ഓരോ ഇടവകയ്ക്കുമുള്ള ചർച്ചാവിഷയങ്ങൾ കൊടുത്തുവിടുന്നതായിരിക്കും. എല്ലാ കാര്യങ്ങളും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിലായിരിക്കണം നടത്തേണ്ടത്.

**ഫാ.ജോർജ്ജ് തുരുത്തിപ്പള്ളി**
**കുടുംബക്കൂട്ടായ്മ ഡയറക്ടർ**







# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഡിസംബർ | 01–06 | ഡീക്കന്മാരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഡിസംബർ | 08–13 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഡിസംബർ | 29–03 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻ**

ഡിസംബർ 15 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

## ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്

ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് 4.12.13 നു ബുധനാഴ്ച കാലത്ത് 10.30 ന് പി. എസ്.എസ്.പി,യിൽ വച്ചു നടത്തപ്പെടുന്നു.

## ബ്ലോക്കുഫെഡ് മീറ്റിംഗുകൾ

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.12.13 | തിങ്കൾ | പാലക്കാട്/മലമ്പുഴ | കിഴക്കഞ്ചേരിക്കാവ് | 10.30am |
| 11.12.13 | ബുധൻ | മണ്ണാർക്കാട് | മൂന്നേക്കർ | 10.30am |
| 12.12.13 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 10.30am |
| 13.12.13 | വെള്ളി | കുഴൽമന്ദം | ആനിക്കോട് | 10.30am |
| 16.12.13 | തിങ്കൾ | അട്ടപ്പാടി | ഗൂണിക്കടവ് | 10.30am |
| 18.12.13 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ നെന്മാറ | 10.30am |
| 28.12.13 | ശനി | ആലത്തൂർ | F.C.C.വടക്കുഞ്ചേരി | 10.30am |

## റീജിയണൽ ഓഫീസ് ദിവസം

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 16.12.13 | തിങ്കൾ | ഗൂളിക്കടവ് റീജിയണൽ ഓഫീസ് | 10.30 to 2pm |
| 17.12.13 | ചൊവ | സാൻജോ ടവ്വർ, പാലക്കാട് | 10.30 to 1pm |
| 18.12.13 | ബുധൻ | പാരിഷ്ഹാൾനെന്മാറ | 10.30 to 1pm |
| 19.12.13 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 10.30 to 1pm |
| 21.12.13 | ശനി | എഫ്.സി.സി.വടക്കുഞ്ചേരി | 10.30 to 1pm |
| 23.12.13 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 10.30 to 1pm |

## NMCFDC വായ്പ

മതന്യൂനപക്ഷങ്ങൾക്ക് (ക്രിസ്ത്യൻ, മുസ്ലിം) പെൺകുട്ടികളുടെ വിവാഹം, വീട് റിപ്പയർ, ചെറുകിട തൊഴിൽ സംരംഭങ്ങൾ എന്നിവയ്ക്ക് ചുരുങ്ങിയ പലിശനിരക്കിൽ ഒരു ലക്ഷം രൂപ വരെ വസ്തു ഈടിന്മേൽ(4 മുതൽ 6 സെന്റ് സ്ഥലത്തിന്റെ ആധാരം) മൂന്നുവർഷത്തെ തിരിച്ചടവ് കാലാവധിയിൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസിൽ





നിന്നും(നൈനാൻ കോംപ്ലക്സ്. മേട്ടുപാളയം സ്ട്രീറ്റ്,പാലക്കാട്) വായ്പ നൽകുന്നു. എല്ലാ മാസവും 1 തിയതി മുതൽ 10–ാം തീയതിവരെ ഈ ഓഫീസിൽ നിന്നും വായ്പാ ഫോറം കിട്ടുന്നതാണ്.10 രൂപയും തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും നൽകേണ്ടതാണ്.

## മതന്യൂനപക്ഷ പിന്നോക്ക വിഭാഗ അയൽക്കൂട്ടങ്ങൾക്കുള്ള വായ്പ

പി.എസ്.എസ്.പി. യിൽ അഫിലിയേറ്റു ചെയ്തു പ്രവർത്തിക്കുന്നമതന്യൂനപക്ഷ, പിന്നോക്ക വിഭാഗ അയൽക്കൂട്ടങ്ങൾക്ക് പി.എസ്.എസ്.പി. വഴി പിന്നോക്ക വിഭാഗം വികസന കോർപ്പറേഷനിൽ നിന്നും വായ്പയായി ലഭിക്കുന്ന 53 ലക്ഷം രൂപയുടെ ചെക്ക് 2013 ഡിസംബർ 7 നു പാലക്കാട് ടൗൺഹാളിൽ വച്ചു നടക്കുന്ന ചടങ്ങിൽ വച്ച് മന്ത്രി ശ്രീ. എ.പി അനിൽകുമാറിൽ നിന്നും പി.എസ്.എസ്.പി. എക്സി. സെക്രട്ടറി ഫാദർ ജേക്കബ് മാവുങ്കൽ ഏറ്റു വാങ്ങും.

## നബാർഡ് വനിത സ്വയം സഹായ സംഘങ്ങൾ

കേന്ദ്ര ഗവൺമെന്റ് നബാർഡ് വഴി പി.എസ്.എസ്.പി. യിലൂടെ ജില്ലയിൽ നടപ്പാക്കുന്ന വനിത സ്വയം സഹായ സംഘങ്ങളുടെ ആദ്യഘട്ട രൂപീകരണം (300 ഗ്രൂപ്പ്) അവസാനിക്കുകയും ഈ ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകൾ വായ്പ നൽകികൊണ്ടിരിക്കുകയും ചെയ്യുന്നു. രണ്ടാംഘട്ട രൂപീകരണം ജില്ലയിൽ പി.എസ്.എസ്.പി. ആരംഭിച്ചു.(250 ഗ്രൂപ്പ്) നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത താഴെ പറയുന്ന ബ്ലോക്കുകളിലെ വനിതകൾക്ക് സംഘങ്ങൾ രൂപീകരിക്കുവാൻ പി.എസ്.എസ്.പി. സഹായിക്കുന്നു.(അട്ടപ്പാടി , മണ്ണാർക്കാട്, പാലക്കാട്, തൃത്താല കുഴൽമന്ദം , ആലത്തൂർ, പാലക്കാട് മുനിസിപാലിറ്റി.

## മെഡിക്ലെയിം

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.



# From the Bishop's Diary

**2013 ഒക്ടോബർ**

29 – വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജ് സന്ദർശിച്ചു.

30 – തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ രോഗിസന്ദർശനം നടത്തി.

– ഇളവൂർ, മുരിങ്ങൂർ ദൈവാലയങ്ങൾ സന്ദർശിച്ചു.

– വളമംഗലം തിരുഹൃദയ ദൈവാലയത്തിൽ ഒരു മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

31 – എറണാകുളം ലിസ്സി ആശുപത്രിയിൽ രോഗിസന്ദർശനം നടത്തി.

– കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ലിറ്റർജിക്കും കാറ്റികിസത്തിനും വേണ്ടിയുള്ള സിനഡൽ കമ്മീഷനുകളുടെ സംയുക്ത സമ്മേളനത്തിൽ സംബന്ധിച്ചു.

**2013 നവംബർ**

1 – മേഴ്സികോളേജിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച രസവികൽപ്പം ഉദ്ഘാടനം ചെയ്തു.

– നവീകരിച്ച ജിം ഓഫ്സെറ്റ് പ്രസ്സ് വെഞ്ചരിച്ചു.

2 – മരിച്ചവരുടെ ഓർമ്മദിനത്തോടനുബന്ധിച്ച് പാലക്കാട് കത്തീഡ്രൽ സെമിത്തേരിയിൽ വി. കുർബാനയർപ്പിച്ചു.

– കഞ്ചിക്കോട് പ്രാർത്ഥനാകൂട്ടായ്മയിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

3 – സേലം സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.





– സേലം ബിഷപ്പ്സ് ഹൗസിൽ റൈറ്റ് റവ. സിംഗാരോയൻ പിതാവിനെ സന്ദർശിച്ചു.

4 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

5 – അരമനയിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

– മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ള രൂപതാകാര്യാലയത്തിൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

6 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സന്യാസ സമൂഹത്തിലെ നവസന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

7 – സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

8 – വേലന്താവളം സി.എം.ഐ. നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസിന് ക്ലാസെടുത്തു.

9 – മാങ്കുറിശ്ശി സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ ബഹു. ജോസ് കൊച്ചുപറമ്പിലച്ചന്റെയും അബ്രഹാം പാലത്തിങ്കലച്ചന്റെയും പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

10 – മുംബൈയിൽ കല്ല്യാൺ രൂപതയുടെ രജതജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

11 – മഹാരാഷ്ട്ര ഗവർണ്ണർ ശ്രീ. ആർ. ശങ്കരനാരായണനെ രാജ്ഭവനിൽ സന്ദർശിച്ചു.

12 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

13 – ഫരീദാബാദ് ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര രൂപതാകാര്യാലയത്തിൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

14 – ജെല്ലിപ്പാറ ഇടവക ദൈവാലയത്തിൽ സെന്റ് പോൾസ് മർത്താ കോൺവെന്റിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബ ന്ധിച്ച് വി. കുർബാനയർപ്പിച്ചു.

15 – ജിം ഓഫ്സെറ്റ് പ്രസ്സിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ ആദ്ധ്യ ക്ഷ്യം വഹിച്ചു.

16 – പാലാരിവട്ടം പി.ഒ.സി.യിൽ കത്തോലിക്കാ ആശുപത്രി ഡയറ ക്ടർമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ചേർത്തല നൈപുണ്യ കോളേജിൽ സംസ്ഥാനറോഡ് സുരക്ഷ ബോധവത്ക്കരണ പദ്ധതിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പാസ്റ്ററൽ സെന്ററിൽ രൂപതിയിൽനിന്നുള്ള പ്രതിഭകളെ തെര ഞ്ഞെടുക്കുന്നതിനുവേണ്ടി രൂപതാ മതബോധന വിഭാഗം സംഘ ടിപ്പിച്ച സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

17 – ചിറ്റൂർ ഹോളിഫാമിലി ഇടവകദിനാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

– രൂപതാകാര്യാലയത്തിൽ രൂപതാ ഫിനാൻസ് കൗൺസിൽ സമ്മേ ളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യാൻ പി.ഒ. സി.യിൽ സമ്മേളിച്ച കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

20 – കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല രൂപതാ കാര്യാലയത്തിൽ പിതാവിനെ സന്ദർശിച്ചു.

21 – ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ രൂപ താകാര്യാലയത്തിൽ പിതാവിനെ സന്ദർശിച്ചു.

– സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

22 – പുനർനിർമ്മിച്ച കൊടുവായൂർ ഹോളിഫാമിലി മഠവും കപ്പേ ളയും വെഞ്ചരിച്ചു.

– വള്ളിയോട് സെന്റ് ഫ്രാൻസീസ് സ്കൂൾ വാർഷികാദിനാ ഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു.





23 – കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി വിശദീകരിക്കു ന്നതിനുവേണ്ടി പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ച ഇടവക പ്രതി നിധികളുടെയും കർഷക സംഘടനാ പ്രതിനിധികളുടെയും സമ്മേളനം ഉദ്ഘാടനം ചെയ്തു.

– കത്തീഡ്രൽ പള്ളിയിൽ സെറാഫിക് പ്രൊവിൻസിലെ സന്യാ സാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയ്ക്ക് കാർമ്മി കത്വം വഹിച്ചു.

24 – പന്തലാംപാടം നിത്യസഹായമാതാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു, പുതുക്കിപ്പണിത സെമിത്തേരി വെഞ്ചരിച്ചു.

– കഞ്ചിക്കോട് ഗുഡ്ഷെപ്പേർഡ് ഇടവകദിനാഘോഷത്തോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാ ടനം ചെയ്തു.

25 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരി ഹോം ഡെ യോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

– യുവക്ഷേത്രയിൽ പുതുതായി ആരംഭിച്ച മൂന്ന് കോഴ്സുകളുടെ ഉദ്ഘാടനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരി ഹോം ഡെ പ്രോഗ്രാമിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

26 – മുണ്ടൂർ യുവക്ഷേത്രയിൽ ഫാ. ആന്റണി കൊഴുവനാൽ, ഫാ. ടോമി തറയിൽ, ഫാ. മാത്യു ഇല്ലത്തുപറമ്പിൽ എന്നിവർ നയിച്ച വൈദികരുടെ തുടർപരിശീലനപരിപാടിയിൽ സംബന്ധിച്ചു.

28 – മുണ്ടൂർ യുവക്ഷേത്രയിൽ പൗരോഹിത്യ സുവർണ്ണ രജതജൂ ബിലി ആഘോഷിക്കുന്ന വൈദീകരുമൊത്ത് വി. കുർബാന യർപ്പിച്ചു.

– മുണ്ടൂർ യുവക്ഷേത്ര ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

29 – തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ നടന്ന ഇന്റർ കൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു.